ഹാകിമിയ്യയിലെ ശിർക്

ദീനിൽ നിന്ന് പുറത്താക്കുന്ന കുഫ്റിന്റെ പാഠങ്ങൾ

ചെറിയ കുഫ്റും വലിയ കുഫ്റും

അബൂ ബസ്വീർ ത്വർത്വൂസി

തർജുമ

അബ്ദുൽ ഹകീം ഹസൻ فك الله أسره

ഹാകിമിയ്യയിലെ ശിർക്

ദീനിൽ നിന്ന് പുറത്താക്കുന്ന കുഫ്റിന്റെ പാഠങ്ങൾ

ചെറിയ കുഫ്റും വലിയ കുഫ്റും

അബൂ ബസ്വീർ ത്വർത്വൂസി

തർജുമ

അബ്ദുൽ ഹകീം ഹസൻ فك الله أسره



നിറദയാർദ്രനും ദയാലുവുമായ അല്ലാഹുവിന്റെ
നാമത്തിൽ.

ഉലകങ്ങൾക്കുടയോനായ അല്ലാഹുവിനാണ് സ്തുതി.
നിറദയാർദ്രൻ ദയാലു.
മൂല്യവിധിനാളിന്നധിപതി.
ഞങ്ങൾ നിനക്കു മാത്രം വഴിപ്പെടുന്നു,

ഞങ്ങൾ നിന്നോട് മാത്രം തുണയിരിക്കുന്നു.
നേർപാതയിലേക്ക് നീ ഞങ്ങളെ നയിക്കേണമേ
നീ പ്രസാദിച്ചവരുടെ പാത
നീ ദ്വേഷിച്ചവരുടെയല്ല, ഭ്രംശ മാർഗികളുടേതുമല്ല



സൂറതുൽ മാഇദയിലെ 44ാം സൂക്തമായ

وَمَن لَمْ يَحْكُم بِمَا أَنزَلَ اللهُ فَأُولَئِكَ هُمُ الكافِرُونَ ഉം, സൂറതുൽ യൂസുഫിലെ إِنِ الْحُكْمُ إِلَّا لِلَّه എന്ന സൂക്തവും ഖവാരിജിന്റെ അടിസ്ഥാന പ്രമാണമാണെന്നാണ് ചിലരുടെ വെയ്പ്. അത്തരം വിഡ്ഢിത്തം പഠിപ്പിക്കുന്നതിൽ സ്വയം സലഫിയ്യ എന്ന് വിളിക്കുന്നവരുമുണ്ട്. തികഞ്ഞ അജ്ഞത അല്ലാതെ എന്താണത്?! إِنِ الْحُكْمُ إِلَّا لِلَّه എന്ന് പ്രഖ്യാപിച്ച യൂസുഫ് നബിയെയും ഖവാരിജാക്കാനുള്ള അവരുടെ തൊലിക്കട്ടി അസാമാനന്യം തന്നെ.

'അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാത്തവർ കാഫിറുകളാണ്' എന്നത് ഖുർആനിന്റെ ഖണ്ഡിത പ്രഖ്യാപനമാണ്. അല്ലാഹു അവതരിപ്പിച്ച ഈ ഖത്വഇയായ വിധി മാറ്റിമറിക്കാൻ ഒരാൾക്ക് പോലും അധികാരവും അവകാശവുമില്ല. അത് ഒരു സ്വഹാബിയായാൽ പോലും. അങ്ങിനെയെങ്കിൽ പ്രസ്തുത ഖണ്ഡിത വിധിയെ അബ്ദുല്ലാഹ് ബിൻ അബ്ബാസ് മാറ്റിയെന്ന് ആരോപിക്കുന്നത് പോലും അദ്ദേഹത്തിന് മേലുള്ള ആരോപണമാണ്. യഥാർത്ഥത്തിൽ അദ്ദേഹം ഖുർആന്റെ പ്രസ്താവനയെ ഖണ്ഡിച്ചിട്ടില്ല. മറിച്ച്, പ്രസ്തുത

സൂക്തത്തെ തെറ്റായി വ്യാഖ്യാനിച്ച ഖവാരിജിന്റെ നിലപാടിനെയാണ് ഖണ്ഡിച്ചത്. ഉമവികളുടെ കാര്യത്തിൽ അവർ ആ സൂക്തം മനസ്സിലാക്കിയത് തെറ്റിപ്പോയി എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. അല്ലാതെ, ഖുർആൻ പറഞ്ഞതിന് വിരുദ്ധമായി 'അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാത്തവർ കാഫിറുകൾ അല്ല' എന്നല്ല അദ്ദേഹം പറഞ്ഞത്. ഖുർആൻ പറഞ്ഞിരിക്കുന്നത് വലിയ കുഫ്റിനെ കുറിച്ചേ അല്ല എന്നും അദ്ദേഹം പറഞ്ഞില്ല. ഇക്കാര്യം മനസ്സിലാക്കുന്നതിൽ അന്നത്തെയും എന്നത്തെയും ഖവാരിജിന് തെറ്റുപറ്റിയത് പോലെ ഇന്നത്തെ സലഫിയ്യ എന്ന് സ്വയം പ്രഖ്യാപിച്ചവർക്കും തെറ്റു പറ്റിയിരിക്കുന്നു.

വരും താളുകളിൽ അല്ലാഹുവിന്റെ റുബൂബിയ്യയുടെയും ഉലൂഹിയ്യയുടെയും അസ്മാഉ സ്വിഫ്ഫാതിന്റെയും ഭാഗമായ ഹാകിമിയ്യയുമായി ബന്ധപ്പെട്ട ശിർകും കുഫ്റുമാണ് ചർച്ച ചെയ്യുന്നത്. സത്യം അന്വേഷിക്കുന്ന വിദ്യാർത്ഥികൾക്കായി അതിന്റെ മലയാള പരിഭാഷ സമർപ്പിക്കുന്നു.

- അബ്ദുൽ ഹകീം ഹസൻ

പ്രധാന പാഠം

ദീനിൽ നിന്ന് പുറത്താക്കുന്ന കർമങ്ങൾ

ദീനിൽ നിന്ന് പുറത്താക്കുന്ന കർമങ്ങളാണ് നാം താഴെ വിവരിക്കുന്നത്. വിധികർതൃത്വ വിഷയവുമായി ബന്ധപ്പെട്ട ചർച്ചയായതിനാൽ അതു സംബന്ധിയായ ഉള്ളടക്കത്തിൽ നിന്നു കൊണ്ടാണ് നാം തെളിവുകൾ മുന്നോട്ട് വെക്കുന്നത്.

ഉപ പാഠം ഒന്ന്

അല്ലാഹു അവതരിപ്പിച്ചത് അല്ലാത്തത് കൊണ്ട് വിധിക്കൽ

അല്ലാഹു അവതരിപ്പിച്ചത് അല്ലാത്തത് കൊണ്ട് വിധിക്കുകയെന്നത് ഒരാളെ ഈമാനിൽ നിന്ന് പുറത്താക്കുന്ന കർമങ്ങളിൽ ഒന്നാണ്. ഇതുകൊണ്ട് നാം ഉദ്ദേശിക്കുന്നത്, ശരീഅത് കൊണ്ടല്ലാത്ത ഏതൊരു വിധിയും ഒരാളെ ഈമാനിന്റെ പരിധിക്ക് പുറത്തേക്ക് കൊണ്ടു പോകുമെന്നാണ്. ഇവ്വിഷയത്തിൽ ജനങ്ങൾ വ്യത്യസ്ത വീക്ഷണം പുലർത്തുന്നുണ്ട്.

(1) അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാത്ത ഏതൊരു വിധിയും ഈമാനിൽ നിന്ന് പുറത്താക്കുമെന്ന് വാദിക്കുന്ന ഖവാരിജും തീവ്രവാദികളും ഒരു വിഭാഗം.

(2) ശരീഅത് കൊണ്ടല്ലാത്ത ഒരു വിധിയും കുഫ്റല്ലെന്ന് വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്ന മുർജിഅയാണ് മറ്റോരു വിഭാഗം.

(3) ഈ രണ്ട് ആത്യന്തതകൾക്കുമിടയിലാണ് അഹ്ലുസ്സുന്ന. അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാതിരിക്കുന്നതിൽ ദീനിൽ നിന്ന് പുറത്താക്കുന്ന കുഫ്റുൽ അക്ബറും, പുറത്താക്കാത്ത കുഫ്റുൽ അസ്വ്ഗറുമുണ്ട് എന്ന് നാം പറയുന്നു.

പണ്ഡിതന്മാർ ധാരാളമായി ചർച്ച ചെയ്യുന്ന അതിപ്രാധാന്യമുള്ള വിഷയമാണിത്. നമ്മുടെ ചർച്ചയുടെ അടിസ്ഥാനങ്ങളുമായി ചേർത്തു വെച്ച് നമുക്ക് ഈ വിഷയത്തെ സമീപിക്കാം.

ഒന്നാം തരം

അല്ലാഹു അവതരിപ്പിച്ചതല്ലാത്തത് കൊണ്ടുള്ള വിധി - കുഫ്റുൽ അസ്വ്ഗർ

അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് പൊതുവിൽ വിധി കൽപ്പിക്കുന്ന ഒരാൾ, തന്റെ സമക്ഷമെത്തിയ ഒരു വ്യവഹാരത്തിൽ, അല്ലെങ്കിൽ ഒന്നോ രണ്ടോ വിഷയങ്ങളിൽ തന്റെ താത്പര്യങ്ങളോ, മനോരഥങ്ങളോ, ദേഹേച്ഛയോ നിമിത്തം മറിച്ചു വിധിച്ചു. എന്നാൽ താണ് ചെയ്യുന്നത് പാപമാണെന്ന് അയാൾക്കറിവുണ്ട്. താൻ ചെയ്യുന്നത് അനുവദനീയമല്ലെന്നും അയാൾ തിരിച്ചറിയുന്നുണ്ട്. അല്ലെങ്കിൽ, ചില ധാരണാപിശകുകളുടെ പേരിൽ അങ്ങനെ ചെയ്യുന്നു. അല്ലാഹു പറഞ്ഞത് അയാൾ നിഷേധിക്കുകയോ, താൻ പ്രവർത്തിക്കുന്ന നിരോധിതകർമത്തെ അയാൾ ന്യായീകരിക്കുകയോ ചെയ്യുന്നില്ല. അല്ലാഹുവിന്റെ വിധിയെ അയാൾ നിരാകരിച്ച് തള്ളിക്കളയുന്നുമില്ല. പാപത്തിൽ പെട്ടുപോയ ഒരാളുടെ അവസ്ഥക്ക് സമാനമാണ് അയാളുടേത്. താൻ ചെയ്യുന്നത് തെറ്റാണെന്ന ബോധത്തോടെ വ്യഭിചരിക്കുകയും, മോഷ്ടിക്കുകയും ചെയ്യുന്ന ആളെ പോലെയാണ് അയാൾ; ആ ഭരണാധികാരി.

എന്നാൽ വ്യഭിചാരവും മോഷണവും അനുവദനീയമാണെന്നും, അതിൽ കുഴപ്പമില്ലെന്നും, ശരീഅത് വിധികളിൽ വലിയ കാര്യമൊന്നമില്ലെന്നും അയാൾ ധരിച്ചാൽ അത് കുഫ്റുൽ അസ്വ്ഗറായിരിക്കുകയില്ല. പക്ഷേ, നാം പറഞ്ഞ വിശേഷണങ്ങളിൽ പെടുന്ന ആൾ കുഫ്റുൽ അസ്വ്ഗർ,

കുഫ്റുൻ ദൂന കുഫ്റിലായിരിക്കും. ഇബ്നു അബ്ബാസിന്റെ പ്രസ്താവനയുമായി ബന്ധപ്പെട്ട നിവേദനങ്ങൾ ആ വിശേഷണങ്ങളെയാണ് സൂചിപ്പിക്കുന്നത്.

ഹാകിം തന്റെ മുസ്തദ്റകിൽ സ്വഹീഹായ പരമ്പരയോടെ ഇബ്നു അബ്ബാസിൽ നിന്നുദ്ധരിക്കുന്നു, "നിങ്ങൾ പറയുന്നത് പോലെയുള്ള കുഫ്റല്ലിത്. **'ആര് അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ലയോ അവർ കാഫിറു'** കളെന്നത് മില്ലതിൽ നിന്ന് പുറം തള്ളുന്ന കുഫ്റല്ല. അത് കുഫ്റല്ലാത്ത കുഫ്റാണ്"

അദ്ദേഹം പറഞ്ഞ മറ്റൊരു ഉദ്ധരണി ഇങ്ങനെയാണ്, "ഈ കുഫ്ർ അല്ലാഹുവിലും മലകുകളിലും പ്രവാചകന്മാരിലുമുള്ള കുഫ്റല്ല".

ഇബ്നു ജരീർ ത്വബരി തന്റെ തഫ്സീറിൽ, അത്വാഅ് ബിൻ അബീ റബാഹിൽ നിന്ന് ഉദ്ധരിക്കുന്നു, "**'ആര് അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ലയോ അവർ കാഫിറു'** കളെന്നത് ചെറു കുഫ്റാണ്. ചെറിയ ഫിസ്ഖും ചെറിയ ദുൽമും". ത്വാഊസ് പറയുന്നു, "മില്ലതിൽ നിന്ന് പുറംതള്ളുന്ന കുഫ്റല്ലിത്".

ഇബ്നു അബ്ബാസിൽ നിന്നുള്ള ഈ നിവേദനങ്ങളെല്ലാം വ്യക്തമാക്കുന്നത്, മില്ലതിൽ നിന്ന് പുറംതള്ളുന്ന വലിയ കുഫ്ർ കൂടാതെ, പുറന്തള്ളാത്ത ചില കുഫ്റുകളുമുണ്ടെന്ന

വസ്തുതയാണ്.

ഇബ്നു ഖയ്യിം പറയുന്നു, "അല്ലാഹു അവതരിപ്പിച്ചത് കൊണ്ടല്ലാതെ വിധിക്കുന്നത് വലിയ കുഫ്റാണോ ചെറിയ കുഫ്റാണോ എന്നത്, **ഭരണാധികാരിയുടെ അവസ്ഥയുമായി ബന്ധപ്പെട്ടാണ്** തീരുമാനിക്കപ്പെടേണ്ടത്. അങ്ങനെ പ്രവർത്തിക്കുന്ന ആൾ, **ഈ ഒരു കാര്യത്തിലൊഴിച്ച്**, ശരീഅതിന്റെ ബാധ്യത അംഗീകരിക്കുന്നവനാണ്. എന്നിട്ട്, അയാളത് ഉപേക്ഷിക്കുക വഴി സ്വയം പാപത്തിൽ നിപതിക്കുകയാണ് ചെയ്തത്. തന്റെ പാപത്തിന്റെ പേരിൽ താൻ ശിക്ഷിക്കപ്പെടുമെന്നും അയാൽക്കറിവുണ്ട്. തന്റെ പ്രവൃത്തിയുടെ പേരിൽ അയാൾ പാപമോചനം തേടുകയും ചെയ്യുന്നു. ഇതാണെങ്കിൽ ചെറിയ കുഫ്റാണ്. എന്നാൽ അല്ലാഹുവെ അനുസരിക്കുക ബാധ്യതയല്ലെന്നും, അല്ലാഹു ഹാകിമാണെന്ന വിശ്വാസത്തോടൊപ്പം തന്നെ തനിക്ക് തന്റേതായ സ്വാതന്ത്ര്യമുണ്ടെന്നും അയാൾ ധരിച്ചാൽ, അത് ഒരു കാര്യത്തിലാണെങ്കിലും അയാൾ ധിക്കരിച്ചാൽ, അത് ഒരു കാര്യത്തിലാണെങ്കിലും അയാൾ കുഫ്റുൽ അക്ബറിലെ വിശേഷണങ്ങളിൽ വീണു കഴിഞ്ഞു" (ബദാഇഉത്തഫ്സീർ 2 / 112).

പൊതുവിൽ അല്ലാഹുവിന്റെ നിയമം അനുസരിച്ച് വിധിക്കുന്ന ഒരു ഭരണാധികാരി പക്ഷേ ഒ**രു കാര്യത്തിൽ** (എല്ലാ കാര്യത്തിലുമല്ല) അങ്ങനെ ചെയ്യാതിരിക്കുന്നതാണ് കുഫ്റുൽ അസ്വ്ഗറെന്ന് ഈ പ്രസ്താവനയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. എന്നാൽ, ഒരു മുസ്‌ലിമിന്റെ സമസ്ത മേഖലകളിലും കുഫ്ർ അനുസരിച്ച് വിധി കൽപ്പിക്കുന്നതിനെ

കുറിച്ച് പൂർവ സൂരികൾക്ക് ചിന്തിക്കാനേ കഴിഞ്ഞിട്ടില്ല.

ചെറിയ കുഫ്റുമായി ബന്ധപ്പെട്ട ഉപര്യുക്ത ഉദ്ധരണികളെല്ലാം നാം മുൻപ് സൂചിപ്പിച്ച ഉപാധികളുമായി ബന്ധപ്പെട്ട് പൊതുവായി പറഞ്ഞിട്ടുള്ളതാണ്. അതിൽ നിന്ന് നാം മനസ്സിലാക്കുന്നത്..... താൻ വിധിക്കുന്നതിനേക്കാൾ അല്ലാഹുവിന്റെ നിയമമാണ് ശ്രേഷ്ഠമെന്ന ബോധ്യത്തോട് കൂടി ഇസ്‌ലാമികമല്ലാത്തത് വിധിക്കുന്ന ഒരാൾ, അയാൾ അല്ലാഹുവിന്റെ നിയമങ്ങളെ സ്നേഹിക്കുന്നുണ്ട്, അതിനെ പിന്തുടരുന്നുണ്ട്, തന്റെ വിധി തീർപ്പുകളിൽ അത് നടപ്പാക്കുന്നുമുണ്ട്..... എന്നാൽ, ഏതെങ്കിലുമൊരു കാരണത്താൽ അയാൾ പാപത്തിൽ പെട്ടുപോയി. അതിൽ അയാൾക്ക് പശ്ചാതാപമുണ്ട്. തന്റെ പ്രവൃത്തി ഒരു പാപിയുടേത് പോലെ മോശമായി പോയെന്ന് അയാൾക്ക് ബോധ്യമുണ്ട്, ഇതാണ് ചെറിയ കുഫ്റിൽ പെട്ടുപോയ ഭരണാധികാരിയെ കുറിച്ച് ഇബ്നു ഖയ്യിം സൂചിപ്പിച്ചത്. ഇന്നത്തെ നമ്മുടെ ഭരണാധികാരികളുടെ വിശേഷങ്ങളുമായി ഇതിന് സാമ്യതകളുണ്ടോ?

ഇബ്നു അബീ അൽ ഇസ്സ് അൽ ഹനഫി, അഖീദതു ത്വഹ്ഹാവിയ്യയുടെ വിശദീകരണത്തിൽ എഴുതുന്നു, "അല്ലാഹു അവതരിപ്പിച്ചത് അല്ലാത്തതുകൊണ്ട് വിധിക്കൽ മില്ലതിൽ നിന്ന് പുറം തള്ളുന്ന കുഫ്റാണ്. അത് ഗൗരവമായതോ നിസ്സാരമായതോ ആയ പാപാമാകാം. ഭരണാധികാരിയുടെ അവസ്ഥ പരിഗണിച്ച് അത് കുഫ്റിന്റെ ചെറുരൂപവുമാകാം. അല്ലാഹുവിന്റെ വിധി തനിക്ക് നിർബന്ധമല്ലെന്ന് നിനക്കലും, തനിക്ക് തോന്നും വിധം

വിധിക്കാനാകുമെന്നും ധരിക്കലും, അല്ലെങ്കിൽ അല്ലാഹുവിന്റെ വിധികൾക്ക് പ്രാധാന്യം നൽകാതിരിക്കലുമൊക്കെ കുഫ്റുൽ അക്ബറാണ്. എന്നാൽ, അല്ലാഹുവിന്റെ വിധി താൻ പിന്തുടരേണ്ടതാണെന്ന് വിശ്വസിക്കുകയും, പക്ഷേ **<u>ഒരു പ്രത്യേക സന്ദർഭത്തിൽ</u>** അതുപേക്ഷിക്കുകയും, അതുവഴി താൻ ശിക്ഷാർഹനാണെന്ന് വിശ്വസിക്കുകയും ചെയ്താൽ അത് പാപമാണ്, അത് കുഫ്റുൽ അസ്വ്ഗറാണ്" (ശറഹു അഖീദത് ത്വഹ്ഹാവിയ്യ)

ഇബ്നു ഖയ്യിമിൽ നിന്നും ഇബ്നു അബീ അൽ ഇസ്സിൽ നിന്നുമുള്ള ഈ വിശദീകരണങ്ങൾ പരസ്പര സാദൃശ്യമുള്ളതും കുഫ്റുൽ അസ്വ്ഗറുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നവയുമാണ്.

ശയ്ഖ് മുഹമ്മദ് ബിൻ ഇബ്റാഹീം തന്റെ 'രിസാലാതുൽ ഖയ്യിമി തഹ്കീമുൽ ഖവാനീനി' ൽ എഴുതുന്നു, "അല്ലാഹു അവതരിപ്പിച്ചത് അല്ലാത്തത് കൊണ്ട് വിധിക്കുന്നതുമായി ബന്ധപ്പെട്ട രണ്ടാമത്തെ സംഗതി അത് ഒരാളെ മില്ലതിൽ നിന്ന് പുറത്താക്കുന്നില്ല എന്നതാണ്. ഇബ്നു അബ്ബാസിൽ നിന്നുള്ള **'അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് ആര് വിധി കൽപിക്കുന്നില്ലയോ, അവർ നിഷേധികൾ'** എന്നതിന്റെ വിശദീകരണം നാം ഉദ്ധരിച്ചിട്ടുണ്ട്. അത് കുഫ്റുൽ അസ്വ്ഗറിനെ കുറിച്ചാണെന്നും, കുഫ്റുൻ ദൂന കുഫ്റുൻ എന്നത് നിങ്ങൾ കരുതുന്ന കുഫ്റല്ലെന്നുമുള്ള ഇബ്നു അബ്ബാസിന്റെ പ്രസ്താവന അല്ലാഹു അവതരിപ്പിച്ചത് സ്വാഭീഷ്ട പ്രകാരം മാറ്റി നിർത്തിയ ഭരണാധികാരിയെ

കുറിച്ചാണ്. അല്ലാഹുവിൽ നിന്നും ദൂതനിൽ നിന്നുമുള്ളത് സമ്പൂർണ സത്യമാണെന്ന് വിശ്വസിക്കുകയും, എന്നാൽ തനിക്ക് തെറ്റ് സംഭവിച്ചുവെന്നും വിശ്വസിക്കുന്ന ഭരണാധികാരിയെ കുറിച്ചാണ്".

ഈ പ്രസ്താവന ഇബ്നു ഖയ്യിമിന്റെയും ഇബ്നു അബീ അൽ ഇസ്സിന്റെയും പ്രസ്താവനകളോട് യോജിക്കുന്നു. അത്, **'ഒരു'** വിഷയത്തിൽ തെറ്റ് സംഭവിക്കുന്ന ആളുടെ കാര്യമാണ്. ഇബ്നു അബ്ബാസിന്റെ തഫ്സീറിൽ വിശദീകരിക്കുന്ന ഇപ്രകാരമുള്ള നിരവധി പണ്ഡിത പ്രസ്താവനകൾ നമുക്ക് കണ്ടെത്താനാകും. അവയോടൊപ്പം സലഫിന്റെയും പ്രസ്താവനകൾ വായിക്കുന്ന നാം അത്തരം സമയവും സന്ദർഭങ്ങളും കൂടി പരിഗണിക്കുകയും ചെയ്യുന്നു. ഇബ്നു അബ്ബാസിന്റെ പ്രസ്താവനയെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് തികച്ചും മറ്റൊരു സന്ദർഭത്തോട് ചേർത്താണ് പലരും ഉദ്ധരിക്കാറുള്ളത്. ഇബ്നു അബ്ബാസ് ഒരിക്കൽ പോലും പറയാൻ ഉദ്ദേശിച്ചിട്ടില്ലാത്ത കാര്യങ്ങളെ അങ്ങനെ പുതിയ സന്ദർഭത്തോട് ചേർത്തു വെക്കുന്നു.

ഇബ്നു അബ്ബാസിന്റെ പ്രസ്താവനയുമായി ബന്ധപ്പെട്ട് നാം വ്യക്തമായി മനസ്സിലാക്കേണ്ട സംഗതി അദ്ദേഹം പറഞ്ഞത് അക്കാലത്തെ വിശ്വാസികളായ ഉമവി ഭരണകർത്താക്കളെ കുറിച്ചാണ് എന്ന വസ്തുതയാണ്. അവർ സത്യനിഷേധികളായിരുന്നില്ല. സന്ദർഭത്തെ മനസ്സിലാക്കിയാൽ അക്കാര്യം വ്യക്തമാവുകയും ചെയ്യും. സുനൻ അബീ ദാവൂദിലെ 3053 - ആം ഹദീഥ് ഇബ്നു അബ്ബാസിൽ നിന്ന് അൽ മാഇദ 44, 45, 47 സൂക്തങ്ങളെ കുറിച്ചുള്ളതാണ്. ഈ മൂന്ന്

സൂക്തങ്ങളും ജൂതന്മാരെ കുറിച്ച് അവതരിച്ചതാണ്, പ്രത്യേകിച്ചും ഖുറയ്ദാ നദീർ ഗോത്രങ്ങളെ കുറിച്ച്. ഈ സൂക്തങ്ങൾ ജൂതരെ കുറിച്ച് അവതരിച്ചതാണെന്ന് നാം മനസ്സിലാക്കുന്നു. അവർ സത്യനിഷേധികളുടെ പ്രഥമനിരയിലുള്ളവരുമായിരുന്നുവല്ലോ. അവരുടെ കുഫ്റാണെങ്കിൽ വലിയ കുഫ്റുമായിരുന്നു. അവർ അകപ്പെട്ടിരുന്നത് ചെറിയ കുഫ്റിലായിരുന്നുവെന്ന് ഒരിടത്ത് പോലും അല്ലാഹു പറഞ്ഞിട്ടില്ല.

അപ്പോൾ ഇബ്നു അബ്ബാസ് ജനങ്ങളോട് പറഞ്ഞതെന്താണ്? നിങ്ങൾ കരുതുന്ന ആ കുഫ്റല്ലെന്നാണല്ലോ അദ്ദേഹം പറഞ്ഞത്. അക്കാലത്തെ ഭരണാധികാരികളിൽ പെട്ട ചിലർ തെറ്റുകളിൽ അകപ്പെട്ടുപോയപ്പോൾ, പൊതുവെ ശരീഅത് അനുസരിച്ച് അവർ അങ്ങനെയല്ലാതെ വിധിച്ചപ്പോൾ അവരെ കുറിച്ചുള്ള ഇസ്‌ലാമിക വിധി എന്താണെന്ന് ജനങ്ങൾ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. ആ സന്ദർഭത്തിലാണ് കുഫ്റുൽ അസ്വ്ഗറെന്ന വിധി ഇബ്നു അബ്ബാസ് നൽകിയത്.

അതേപോലെ അലിയെയും മുആവിയയെയും ഇതര സ്വഹാബതിനെയും തക്ഫീർ ചെയ്ത് കൊണ്ട് ഖവാരിജ് നൽകിയ അർത്ഥ പരികൽപനയെ നേരിടുക കൂടിയായിരുന്നു ഇബ്നു അബ്ബാസ്. അതാണ് ഇബ്നു അബ്ബാസിന് അത്തരമൊരു വിധി പ്രസ്താവിക്കുന്നതിന് നിദാനമായത്. ഈയൊരു പരിതസ്ഥിതിയിൽ അത് കുഫ്റുൽ അസ്വ്ഗറാണെന്നും, നിങ്ങൾ നൽകുന്ന അർത്ഥതലമല്ല അതിനുള്ളതെന്നും ഇബ്നു അബ്ബാസ് വ്യക്തമാക്കിയത്. **നിങ്ങൾ** കരുതുന്ന അർഥമല്ല അതിനെന്ന് അദ്ദേഹം

പറഞ്ഞത് തന്നെ തന്നോട് നേരിട്ട് വിധി ചോദിച്ചവരോടാണ്. അല്ലാതെ പൊതുവിധി ഇങ്ങനെയാണെന്ന് പറഞ്ഞു നടക്കുന്നവരോടല്ല. 5 : 44 ന്റെ വെളിച്ചത്തിൽ, ശരീഅത് വിധികളിൽ നിന്ന് ഭിന്നത പുലർത്തിയ തങ്ങളുടെ ഭരണാധികാരികളെ കുറിച്ച വിശദീകരണം അവർ ഇബ്നു അബ്ബാസിനോട് ആരായുകയായിരുന്നു.

ഈ സൂക്തത്തിന്റെ വെളിച്ചത്തിൽ ഉന്നതരായ ഒരു സമൂഹത്തെ ഖവാരിജ് തക്ഫീർ ചെയ്യുകയായിരുന്നുവല്ലോ. പ്രസ്തുത സന്ദർഭത്തിലാണ് ഇബ്നു അബ്ബാസ് ആ സമൂഹത്തിന് മുന്നിൽ ഉപര്യുക്ത വിശദീകരണം നൽകിയത്. ഇബ്നു അബ്ബാസ് അഭിമുഖീകരിച്ച അതേ ചുറ്റുപാടിനെയാണ് നാമും അഭിമുഖീകരിക്കുന്നതെങ്കിൽ കുഫ്റുൽ അസ്വ്ഗർ വിധിക്കാൻ നമുക്കും യാതൊരു വിസമ്മതവും ഉണ്ടാവുകയില്ല. എന്നാൽ, ഇബ്നു അബ്ബാസിന്റെ പ്രസ്താവന പൊക്കിപ്പിടിച്ച്, എല്ലാ ദിശയിൽ കൂടിയും ഇസ്ലാമിനോട് യുദ്ധം ചെയ്യുന്ന ഭരണാധികാരികളോട് ചേർത്ത് വെക്കാനാവില്ല. ഇബ്നു അബ്ബാസ് അഭിമുഖീകരിച്ച അവസ്ഥയിൽ നിന്ന് തുലോം വ്യത്യസ്തമാണ് ഇന്ന് ഇവിടുത്തെ കാര്യങ്ങൾ. ഇബ്നു അബ്ബാസ് സ്വന്തം നിലയിൽ പ്രസ്താവിച്ച കാര്യമല്ല ഇതെന്നുമോർക്കണം. പ്രവാചകചര്യയിൽ നിന്നുള്ള പൊരുളിന്റെ വെളിച്ചത്തിലായിരുന്നുവത്.

പ്രവാചകൻ പറഞ്ഞു, ***"ഇസ്ലാമിന്റെ കെട്ടുകൾ ഓരോന്നോരോന്നായി അഴിഞ്ഞു പോകും. ആദ്യം വിനഷ്ടമാകുന്നത് ഭരണമായിരിക്കും, അവസാനം നിസ്കാരവും***" (ഇബ്നു ഹിബ്ബാൻ, അഹ്മദ്, സ്വഹീഹു തർഗീബ്

571). അൽ ഹുകുമിന്റെ കെട്ടുകളെന്ന് പ്രവാചകൻ പറഞ്ഞത് ശൂറയിൽ നിന്ന് വ്യതിചലിക്കുന്ന ഭരണവ്യവസ്ഥയെ കുറിച്ചാണ്. കെട്ടഴിയുകയും നേതൃത്വം അനന്തരാവകാശികളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമെന്നതിനെ കുറിച്ചാണ്. അത് മുസ്‌ലിംകളിൽ ഇന്നും തുടർന്ന് പോരുന്നു. ആദ്യം നഷ്ടപ്പെടുന്നത് ഭരണമാണെങ്കിൽ അവസാനം നഷ്ടപ്പെടുക നിസ്കാരമായിരിക്കും.

അല്പം കൂടി വ്യക്തതയുള്ള മറ്റൊരു ഹദീഥ് കാണുക, ***"എന്റെ ചര്യയിൽ ആദ്യമായി മാറ്റം വരുത്തുക ഉമവികളിൽ പെട്ട ഒരാളായിരിക്കും"*** (സിൽസിലതു സ്വഹീഹ് 1749). നേതൃത്വത്തെ കൂടിയാലോചനാ സമ്പ്രദായങ്ങളിൽ നിന്നകറ്റി അനന്തരാവകാശികൾക്ക് വിട്ടു കൊടുത്ത് കൊണ്ട് പ്രവാചകചര്യയെ തെറ്റിച്ചുകളഞ്ഞത് ഉമയ്യയിൽ പെട്ട ഒരു വ്യക്തിയായിരുന്നുവല്ലോ. അത് മുആവിയ്യയാണെന്ന കാര്യത്തിൽ ആർക്കും അഭിപ്രായാന്തരവുമില്ല. എന്നാൽ നേതൃത്വവ്യവസ്ഥയിൽ മാറ്റം വരുത്തുന്നത് കുഫ്റല്ലാത്തതിനാൽ അദ്ദേഹത്തെ ആരും തക്ഫീർ ചെയ്തില്ല. എന്നല്ല, മുആവിയ്യയുടെയും അദ്ദേഹത്തിന്റെ മകന്റെ മേലും കുഫ്റുൻ ദൂന കുഫ്റു പോലും നമുക്ക് വിധിക്കാനാവുകയുമില്ല. കാരണം, അതവരുടെ ഇജ്തിഹാദായിരുന്നു. ഇജ്തിഹാദിലെ പിഴവിന് പോലും ഒരു പ്രതിഫലമുണ്ടെന്നാണല്ലോ. എന്നുമാത്രമല്ല, അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് വിധിക്കാതിരിക്കുകയെന്ന വിഭാഗത്തിലോ, കുഫ്റുൽ അക്ബറിലോ കുഫ്റുൽ അസ്വ്ഗറിലോ ആണോയെന്ന വിഭാഗത്തിലോ അല്ല ഈ വിഷയം വരുന്നത്. മുസ്‌ലിം സമുദായത്തിന്റെ കൂടുതൽ ഉന്നതിക്കും ഐക്യത്തിനും സുരക്ഷക്കും വേണ്ടിയാണ്

അദ്ദേഹം ആ നിലപാടെടുത്തതെന്ന് നാം മനസ്സിലാക്കുന്നു. അതേപോലെ പ്രവാചകൻ പറഞ്ഞുവല്ലോ, ***"ഭരണാധികാരി ഇജ്തിഹാദ് ചെയ്യുകയും, എന്നിട്ടതിൽ പിഴവ് ഭവിക്കുകയും ചെയ്താൽ അദ്ദേഹത്തിന് ഒരു പ്രതിഫലമുണ്ട്. അല്ലെങ്കിൽ ഇരട്ടി പ്രതിഫലം".***

അതേപോലെ ഒരു സ്വഹാബതിലും നാം കുഫ്റുൻ ദൂന കുഫ്ർ ആരോപിക്കുകയില്ല. അവർക്ക് ശേഷം വന്ന പുണ്യാത്മാക്കളിലും നാമത് വിധിക്കുകയില്ല. പ്രവാചകൻ പറഞ്ഞുവല്ലോ, ***"നിങ്ങൾ എന്റെ സ്വഹാബതിനെ കുറിച്ച് സ്മരിക്കുന്നത് കേട്ടാൽ നിങ്ങളുടെ നാവുകൾ അടക്കി വെക്കുക".*** നിങ്ങൾ ഉദ്ദേശിക്കാതെ തന്നെ അവർ അവമതിക്കപ്പെടുന്നു. അവരെ കുറിച്ച് നല്ലത് പറയുക. അല്ലെങ്കിൽ ആ വിഷയം വിട്ടുകളയുക. അവരുടെ കാര്യത്തിൽ വിധി പറയുവാൻ നിൽക്കരുത്. ആ മഹാത്മാക്കളുടെ കാര്യത്തിൽ എന്ത് നീതിയാണ് നമുക്ക് വിധിക്കാനാവുക? ഉമ്മതിലെ ഏറ്റവും ഉന്നതരായ, നമുക്കായി ചരിത്രം തന്നെ വിരചിച്ച, നമ്മുടെ ദീൻ സ്ഥാപിച്ച ഒരു കൂട്ടരെ വിധിക്കാൻ കഴിയുന്ന വിധികർത്താക്കളായി നമുക്ക് നമ്മെ എങ്ങനെയാണ് പ്രതിഷ്ഠിക്കാനാവുക?

ഹജ്ജാജുമായി ബന്ധപ്പെട്ടും നമുക്ക് ചിലത് പറയാനുണ്ട്. മിൻബറിൽ വെച്ച് ഹജ്ജാജ് പറഞ്ഞത് ആസ്വിമിൽ നിന്ന് അബൂ ദാവൂദ് ഉദ്ധരിക്കുന്നുണ്ട്. "നിങ്ങൾക്കാവും വിധം നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. അമീർ അബ്ദുൽ മലികിനെ നിങ്ങൾ കേൾക്കുക, അനുസരിക്കുക. ഈ വാതിലിലൂടെ പോകാൻ ഞാൻ കൽപ്പിച്ചാൽ മറു വാതിലിലൂടെ

പോകുന്നവരുടെ രക്തം എനിക്കനുവദനീയമാണ്. ഇതിന്റെ പേരിൽ ഒരു ഗോത്രത്തോടോന്നടങ്കം ഞാൻ നടപടി സ്വീകരിക്കുന്നുവെങ്കിൽ അറിയണം, അല്ലാഹു അതെനിക്ക് അനുവദിച്ച് തന്നിട്ടുണ്ട്".

അബ്ദുല്ലാഹ് ബിൻ മസ്ഊദ് തനിക്കെതിരെ സംസാരിക്കുന്നത് സൂചിപ്പിച്ചു കൊണ്ട് ഹാജ്ജാജ് പറഞ്ഞതും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. "തന്റെ പാരായണം അല്ലാഹുവിൽ നിന്നവതരിച്ചതുപോലെയെന്ന് പറഞ്ഞ് എന്നെ വിഷമിപ്പിക്കുന്ന ആളുണ്ടല്ലോ, അയാളുടെ പാരായണം അറബി ജാഹിലിയ്യയുടെ കവിതയാണ്, പ്രവാചകന് അവതരിച്ചതല്ല". നമുക്കറിയാം, അബ്ദുല്ലാഹ് ബിൻ മസ്ഊദിനെ കുറിച്ച നബി പറഞ്ഞതാണല്ലോ, ***"ആരെങ്കിലും അല്ലാഹുവിൽ നിന്ന് അവതരിച്ചത് പോലെ ഖുർആൻ കേൾക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ അബ്ദുല്ലയെ കേൾക്കട്ടെ"*** (അഹ്മദ്, ജാമിഉസ്വഗീർ 5961).

ഇവിടെ ഹജ്ജാജിന്റെ നിരാകരണം നോക്കുക. എന്നിട്ടു പോലും അദ്ദേഹത്തെ പണ്ഡിതന്മാർ തക്ഫീർ ചെയ്തില്ല. ചില ന്യായവാദങ്ങൾ നിരത്തി കുഫ്റുൻ ദൂന കുഫ്റിൽ നിർത്തുകയായിരുന്നു. ഇൽമിന്റെ അഭാവത്തിൽ ഒരാൾ ഫത്‌വ നൽകിയാൽ നാം അയാളെ കാഫിറെന്ന് വിളിക്കില്ല, വിധിക്കില്ല. ഇൽമുള്ള ഒരാളിൽ നിന്ന് ഫത്‌വ ലഭിക്കുകയും, എന്നാലത് തെറ്റായിരിക്കുകയും ചെയ്താൽ, ആ ഫത്‌വ നൽകിയ ആളിലേക്കായിരിക്കും അത് മടങ്ങുക. ഇൽമിന്റെ അഭാവത്തിൽ ഫത്‌വ നൽകുന്നത് പാപമാണെന്ന് പറഞ്ഞ പ്രവാചകൻ പക്ഷേ, അത് കുഫ്റാണെന്ന്

പറഞ്ഞതുപോലുമില്ല

ഇന്നത്തെ ഭരണാധികാരികളെക്കുറിച്ച ചോദ്യത്തിന് ഉത്തരം തേടുമ്പോൾ നമുക്കവരിൽ ഇബ്നു അബ്ബാസിന്റെ കുഫ്റുൻ ദൂന കുഫ്ർ വിധിക്കാനാകുമോ?

നാം പറയുന്നു, മുകളിൽ നാം നൽകിയ വിശദീകരണങ്ങളുടെ വെളിച്ചത്തിലാണ് നാമിതിന് ഉത്തരം കാണേണ്ടത്. നമ്മുടെ കാലഘട്ടത്തിലെ മുർജിഅയോട് നാം ചോദിക്കുന്നു, മുൻകാല ഭരണാധികാരികളെ പോലെ കുഫ്റുൻ ദൂന കുഫ്ർ മാത്രം വിധിക്കുവാൻ വിധമുള്ള ഭരണാധികാരികളാണോ ഇന്നുള്ളത്? ഇബ്നു അബ്ബാസിന്റെ ആ പ്രസ്താവന ഇനത്തെ ഭരണാധികാരികളുടെ സവിശേഷതകളോട്   ചേർത്ത് വെക്കാവുന്നതാണോ? തന്റെ താത്പര്യങ്ങൾ മുൻനിർത്തി ശരീഅത് മാറ്റി നിർത്തി ഭരിക്കുന്ന ഒരാൾ കുഫ്റുൻ ദൂന കുഫ്റിലാണോ? ദേഹേച്ഛ (ഹവ) യെ അല്ലാഹുവെ കൂടാതെ ഇബാദത് ചെയ്യപ്പെടുന്ന ത്വാഗൂതായി വിശേഷിപ്പിക്കുമ്പോൾ അത് കേവല കുഫ്റുൻ ദൂന കുഫ്ർ മാത്രമാണോ?

നാം പറയുന്നു, ദേഹേച്ഛകളുമായി ബന്ധപ്പെട്ട രണ്ടുതരം അനുസരണമുണ്ട്. കുഫ്റുൽ അക്ബറും കുഫ്റുൽ അസ്വ്ഗറും. ഒന്ന് അത് പ്രവർത്തിക്കുന്ന വ്യക്തിയെ ഇസ്‌ലാമിൽ നിന്ന് പുറത്താക്കുന്നു. ആ അനുസരണം കുഫ്റിലേക്കെത്തുന്നുവെന്നത് കൊണ്ടാണത്. നന്മ തിന്മകൾക്ക് മാനദണ്ഡമായി നാം നമ്മുടെ ദേഹേച്ഛകളെ പരിഗണിക്കുകയും അതനുസരിച്ച് വിധിക്കുകയും ചെയ്യുന്ന

കാര്യം അതീവ ഗൗരവമുള്ളതാണ്. "**തന്റെ ഇലാഹിനെ തന്റെ സ്വാഭീഷ്ടമാക്കിയവനെ നീ കണ്ടുവോ?**" (25 : 42). അല്ലാഹുവിന്റെ വിധിയേക്കാൾ സ്വയേച്ഛകളെ പരിഗണിക്കുകയും അവയെ പരമോച്ചം പ്രതിഷ്ഠിക്കുകയും ചെയ്തു. ഇത് കുഫ്റുൽ അക്ബറാണ്.

എന്നാൽ രണ്ടാം തരം അനുസരണം പാപപ്രവൃത്തിയും ഫിസ്ഖുമായി മാത്രം ബന്ധപ്പെട്ടതാണ്. അത് കുഫ്റുൽ അക്ബറല്ല. ഉദാഹരണത്തിന് മദ്യപാനം, മോഷണം തുടങ്ങിയവയുമായി ബന്ധപ്പെട്ട അനുസരണങ്ങൾ. അത് കുഫ്റുൽ അസ്വ്ഗറാണ്. "**വിശ്വാസികളെ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്കോ, നിങ്ങളുടെ മാതാപിതാക്കൾക്കോ, അടുത്ത ബന്ധുജനങ്ങൾക്കോ പ്രതികൂലമായാലും ശരി. ധനികനോ ദരിദ്രനോ ആകട്ടെ, അവരിരുവരോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങളിൽ നീതി പാലനം ഉപേക്ഷിച്ച് തന്നിഷ്ടങ്ങൾ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്നുവെങ്കിൽ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സസൂക്ഷമം അറിയുന്നവൻ അല്ലാഹുവല്ലോ, തീർച്ച**" (4 : 135). "**അപ്പോൾ ആര് തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെട്ടു, തന്നിഷ്ടങ്ങളിൽ നിന്ന് മനതാരിനെ വിലക്കി നിർത്തി. അവന് സ്വർഗം സങ്കേതം**" (79 : 40, 41).

രണ്ടാം തരം

അല്ലാഹു അവതരിപ്പിക്കാത്തത് കൊണ്ടുള്ള വിധി - കുഫ്റുൽ അക്ബർ

അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കാത്തത് കാരണമായി മില്ലതിൽ നിന്ന് പുറത്താക്കുന്ന കുഫ്റിന് നിരവധി മൗലിക മാനങ്ങളുണ്ട്.

ഒന്നാമത്തെ സവിശേഷത: ***അല്ലാഹു അവതരിപ്പിച്ചതിനെ കുറിച്ച അറിവുണ്ടായതിന് ശേഷവും അതനുസരിച്ച് ഒന്നും വിധിക്കാതിരിക്കൽ***.

ചിലരുണ്ട്, അവർ ശരീഅതിന്റെ ചില കാര്യങ്ങൾ മാത്രം അനുസരിക്കുന്നു. എന്നാൽ ഇപ്പറഞ്ഞ ആൾ ശരീഅതിന്റെ ഒരു വിധി പോലും അനുസരിക്കുന്നില്ല. അത്തരത്തിൽ ശരീഅതിനെ പൂർണമായി തന്നെ ഉപേക്ഷിക്കുകയും തള്ളിക്കളയുകയും ചെയുന ഒരാൾ മുസ്‌ലിമാണെന്ന് പറയുന്നതിൽ ഒരു ന്യായീകരണവുമില്ല.

അല്ലാഹുവോടും പ്രവാചകനോടുമുള്ള സ്നേഹത്തിന്റെ അടയാളമാണ് ശരീഅതിനുള്ള അനുസരണം. ഒരാൾ എത്രത്തോളം നബിയെ അനുസരിക്കുന്നുവോ അത്രത്തോളം അയാളുടെ പ്രവാചക സ്നേഹം പ്രകടമാവുകയും ചെയ്യും. അനുസരണത്തിന്റെ വർദ്ധനവ് സ്നേഹതോതിന്റെ തെളിവാണ്.

പൂർണമായി കുഫ്ർ ചെയ്യുന്ന ഒരാളിൽ ഇബ്നു അബ്ബാസിന്റെ ഉപര്യുക്ത വിശദീകരണം യോജിക്കുമെന്ന് വല്ല പണ്ഡിതനും പറയുമെന്ന് നമുക്ക് തോന്നുന്നില്ല. **"നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. അങ്ങനെയെങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും. നിങ്ങളുടെ പാകകൃത്യങ്ങൾ പൊറുത്തുതരികയും ചെയും"** (3 : 31). ഇബ്നു കഥീർ ഇത് വിശദീകരിക്കുന്നു, "അല്ലാഹുവെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുകയും, എന്നിട്ട് പ്രവാചകനെ അനുസരിക്കാതിരിക്കുകയും ചെയ്യുന്ന ഏവരിലും ഈ സൂക്തം വിധികൽപ്പിക്കുന്നുവെന്ന് കാണാനാകും. അതിനാൽ, ഏതൊരാൾ അല്ലാഹുവെ.സ്നേഹിക്കുന്നുവെന്ന് അവകാശമുന്നയിക്കുകയും, എന്നിട്ട് നബിയെ പിന്തുടരാതിരിക്കുകയും ചെയ്യുന്നുവോ, അവൻ നുണയനാണ്. പ്രവാചകന്റെ ശരീഅത് പിന്തുടരാതിരിക്കുന്ന കാലത്തോളം അയാളുടെ അവകാശവാദം വ്യാജമാണ്. അയാൾ ചെയ്തതും പറഞ്ഞതുമാണ് അയാളുടെ ദീൻ"

ഇബ്നു തയ്മിയ്യ തന്റെ ഫത്വയിൽ പറയുന്നു, "അല്ലാഹുവെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുകയും, എന്നിട്ട് നബിയെ അനുസരിക്കാതിരിക്കുകയും ചെയ്യുന്നവർ നുണയനാണ്. അയാളുടെ സ്നേഹം അല്ലാഹുവിന് വേണ്ടിയുള്ളതല്ല, അത് ശിർകിന് വേണ്ടിയുള്ളതാണ്. കാരണം, അയാൾ അല്ലാഹുവിൽ പങ്കു ചേർത്തുകൊണ്ട് സ്വാഭീഷ്ടത്തെയാണ് പിന്തുടരുന്നത്. അല്ലാഹുവിലുള്ള സ്നേഹം അവകാശപ്പെടുകയും എന്നാൽ നബിയെ പിന്തുടരാതിരിക്കുകയും ചെയ്ത ജൂതരെയും ക്രിസ്ത്യാനികളെയും പോലെയാണയാൾ. അല്ലാഹു

വെറുക്കുന്നതിനെ നിങ്ങൾ സ്നേഹിക്കുന്നുവെന്നാൽ നിങ്ങളുടെ സ്നേഹം ശിർകിന് വേണ്ടിയുള്ളളതാകുന്നു" (ഫത്‌വ 8 / 360).

ഇബ്നു ഖയ്യിം തന്റെ 'മദാരിജുൽ സാലികീനി'ൽ പറയുന്നു, "തങ്ങളുടെ സ്നേഹത്തിന്റെ കാര്യത്തിൽ സത്യസന്ധരെങ്കിൽ അവർ അല്ലാഹുവിന്റെ വിധികൾ അനുസരിക്കട്ടെ. അല്ലാഹു വിരിധിച്ചതിൽ നിന്നകന്നു നിൽക്കട്ടെ. അല്ലാഹു കല്പിച്ചത് അനുസരിക്കുന്നതിലും വിരോധിച്ചത് ഉപേക്ഷിക്കുന്നതിലുമാണ് സ്നേഹത്തിൻെറ സത്യസന്ധതയുള്ളത്. അവർ അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കുമ്പോൾ അവരിലെ സ്നേഹം വ്യക്തമായി ദൃശ്യമാവും. പ്രവാചകാനുധാവനമാണ് നിങ്ങളവകാശപ്പെടുന്ന നിങ്ങളിലെ സ്നേഹത്തിന്റെ അടയാളം. അല്ലാഹു പറഞ്ഞു, **"നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും. നിങ്ങളുടെ പാപകർമങ്ങൾ പൊറുത്തു തരികയും ചെയ്യും".** ഇവിടെ നിങ്ങളുടെ സ്നേഹത്തിന്റെ ഉപാധിയായി പ്രവാചകാനുധാവനത്തെ അല്ലാഹു നിശ്ചയിച്ചു. അല്ലാഹു നിങ്ങളെ സ്നേഹിക്കുവാനുള്ള ഉപാധിയുമായും അതിനെ തന്നെയാണ് നിശ്ചയിച്ചത്. അല്ലാഹുവോടുള്ള അവന്റെ സ്നേഹവും, അല്ലാഹുവിന്റെ അവനോടുള്ള സ്നേഹവും പ്രവാചകാനുധാവനത്തിലൂടെയല്ലാതെ ഉറപ്പിക്കാനാവുകയില്ല" (മദാരിജുൽ സാലികീൻ 1 / 99).

രണ്ടാമത്തെ സവിശേഷത: *ശരീഅതിൽ നിന്ന് ചിലത് മാത്രമെടുത്ത് വിധിക്കുകയും ഭരിക്കുകയും ചെയ്യുക.*

ശരീഅതിലെ ചില നിയമങ്ങൾ അനുസരിച്ച് ഭരിക്കുന്നുണ്ട്. എന്നാൽ, തൗഹീദുമായി ബന്ധപ്പെട്ട കാര്യങ്ങൾ അയാൾ സ്ഥാപിക്കുന്നില്ല. തൗഹീദിന്റെ ഉള്ളടക്കങ്ങൾ കൊണ്ട് ഭരിക്കാതെ ശിർക് അനുസരിച്ച് ഭരിക്കുക, എങ്ങനെയാണ് അയാൾ അത് ചെയ്യുക!? ശിർകിനെ അംഗീകരിക്കുന്ന, അതിന്റെ നിലനിൽപ്പ് സാധ്യമാക്കുന്ന, ഒപ്പം അതിന്റെ വ്യാപനം തടയാത്തതുമായ നിയമങ്ങൾ അവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ആളുകൾ വിഗ്രഹങ്ങളെ ആരാധിക്കുകയും ഖബറുകളിൽ പൂജകളർപ്പിക്കുകയും ചെയ്യുന്നത് അവിടെ നിയമാനുസൃതമാക്കപ്പെട്ടിരിക്കുന്നു.

മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് പറയുന്നു, "തൗഹീദ് നിങ്ങളുടെ ഹൃദയത്തിലും വാക്കിലും പ്രവൃത്തിയിലും ഉണ്ടായിരിക്കണമെന്ന കാര്യത്തിൽ അഭിപ്രായാന്തരമില്ല. ഇവയിൽ ഏതെങ്കിലുമൊന്നില്ലെങ്കിൽ അയാൾ മുസ്‌ലിമേയല്ല. ഒരാൾക്ക് തൗഹീദ് അറിയാം, എന്നാൽ അതനുസരിച്ച് പ്രവർത്തിക്കുന്നില്ല. എങ്കിൽ അയാൾ ഫിർഔനിന്റെയും ഇബ്‌ലീസിന്റെയും പോലെ ധിക്കാരിയായ കാഫിറാണ്" (കശ്ഫുശ്ശുബ്ഹാത്, താൾ 179).

ശയ്ഖ് സുലയ്മാൻ ആൽ ശയ്ഖ് പറയുന്നു, "ഈ സൂക്തത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞതിന് ശേഷവും, അല്ലാഹു അവതരിപ്പിച്ചിട്ടില്ലാത്തത് കൊണ്ടുള്ള അയാളുടെ

വിധി, തൗഹീദുമായോ, ശിർക് നിരാകരിക്കുന്നതുമായോ ബന്ധപ്പെട്ടിട്ടുള്ളതോ, അല്ലെങ്കിൽ തൗഹീദിന്റെ ഏതെങ്കിലുമൊരു ശാഖയുമായി ബന്ധപ്പെട്ടതോ ആയ കാര്യത്തിലായിരിക്കുക, അയാളത് പ്രഖ്യാപിക്കുന്നില്ല. എന്നാൽ തന്റെ ഹൃദയത്തിൽ അത് നിഷേധിച്ചിട്ടുമില്ല. അയാൾ സത്യനിഷേധി തന്നെയാണ്" (തൗഹീദുൽ ഖല്ലാഖ, താൾ 179).

മറ്റുള്ള നിയമങ്ങൾ കൊണ്ട് വിധിക്കുന്ന വിഷയത്തിൽ അല്ലാഹുവിന്റെ തൗഹീദിന്റെ കാര്യത്തിലും, അല്ലാഹു അവതരിപ്പിച്ച ശരീഅതിന്റെ ശാഖാ കാര്യങ്ങൾക്കിടയിലും ഉലമ വേർതിരിവ് നടത്തിയിട്ടുണ്ട്.

മൂന്നാമത്തെ സവിശേഷത: ***അല്ലാഹു അവതരിപ്പിച്ചത് നിഷേധിക്കുകയും മറ്റ് നിയമങ്ങൾ അനുസരിച്ച് വിധിക്കുകയും ചെയ്യുക.***

അല്ലഹു അവതരിപ്പിച്ചത് നിരാകരിക്കുക (ജൂഹൂദ്) യും, അല്ലാഹു അവതരിപ്പിക്കാത്തത് അനുവദിച്ചു കൊടുക്കുക (ഇസ്തിഹ്ലാൽ) യും ചെയ്യുന്ന ഭരണാധികാരി മില്ലതിൽ നിന്ന് പുറത്താണെന്ന കാര്യത്തിൽ പണ്ഡിതതന്മാർക്കിടയിൽ അഭിപ്രായാന്തരമില്ല.

ജുഹൂദിന് ചതുർ നിലകളുണ്ട്. ചിലപ്പോളത് ഹൃദയത്തിനുള്ളിൽ മാത്രമായിരിക്കും. വേറെ ചിലപ്പോൾ

ഹൃദയത്തിലില്ലാതെ നാവു കൊണ്ടുള്ള നിരാകരണവുമാകാം. മറ്റ് ചിലപ്പോൾ പ്രവൃത്തികൊണ്ടുള്ള നിഷേധവുമാകാം. അല്ല, ഈ സമസ്ത രൂപങ്ങളോടും കൂടിയുള്ളതുമാകാം.

ഹൃദയ നിരാകരണം: നയവഞ്ചക (മുനാഫിഖ്) ന്മാരുടെ നിരാകരണം ഇത്തരത്തിലുള്ള ജുഹൂദിന് തെളിവാണ്. അല്ലാഹു അവതരിപ്പിച്ചതിനെ അവരുടെ ഉൾത്തുടിപ്പുകൾ നിരാകരിച്ചു. പക്ഷേ, അവരുടെ വാക്കിലും പ്രവൃത്തിയിലും അവർ ഇതര മുസ്‌ലിംകളെ പോലെ തന്നെയായിരുന്നു. എന്നാൽ, അവർ കാഫിറുകളാണെന്ന കാര്യത്തിലും, നരകത്തിന്റെ അടിത്തട്ടിലാണെന്ന കാര്യത്തിലും ഒരു സംശയവുമില്ല. **"കപടവിശ്വാസികൾ നരകത്തിന്റെ അടുത്തട്ടിലാകുന്നു, തീർച്ച"** (4 : 145).

നാവ് കൊണ്ടുള്ള നിരാകരണം: ജൂതന്മാരുടെ നിരാകരണം ഇവ്വിധത്തിലുള്ളതായിരുന്നു. ബാഹ്യാവസ്ഥയിൽ അവർ ഇസ്‌ലാമിനെ തള്ളിക്കളഞ്ഞു. ഖുർആൻ സൂക്തങ്ങളെ അവരപ്പാടെ നിരാകരിച്ചുവെങ്കിലും അത് സത്യമാണെന്ന് അവരുടെ ഹൃദയം സമ്മതിച്ചംഗീകരിച്ചിരുന്നു. എന്നാൽ നാവ് കൊണ്ട് നിരാകരിച്ചതിനാൽ അവർ കാഫിറുകളായി. **"നാം വേദം നൽകിയവർക്ക് സ്വസന്തതികളെ അറിയാവുന്നത് പോലെ അദ്ദേഹത്തെ തിരിച്ചറിയാം. അവരിലൊരു വിഭാഗം ബോധ്യത്തോടെയാണ് സത്യം മറച്ച് വെക്കുന്നുവെന്നത് തീർച്ച"** (2 : 146). **"അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും മൂലം അവരത് നിഷേധിച്ച് കളഞ്ഞു"** (27 : 14)

<u>കർമ നിരാകരണം:</u> ഹൃദയ യാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുകയാണ് കർമങ്ങൾ ചെയ്യുന്നത്. ഉദാഹരണം, ആരെങ്കിലും വിഗ്രഹത്തിന് സുജൂദ് ചെയ്യുന്നത് കണ്ടാൽ മനസ്സിലാക്കുക അവന്റെ ബാഹ്യം അതിന് സാക്ഷ്യം വഹിക്കുന്നുവെന്ന്. **"കുഫ്റിന് സ്വയം സാക്ഷ്യം വഹിക്കുന്നവർ"** (9 : 17) എന്ന് പറഞ്ഞത് അതേക്കുറിച്ചാണ്. വാചാലരല്ലെങ്കിലും അവർ കുഫ്റിന് സാക്ഷ്യം വഹിക്കുന്നുണ്ട്. ഈ അവസ്ഥയെ കുറിച്ച് പണ്ഡിതന്മാർ യഥേഷ്ടം വിശദീകരിച്ചിട്ടുണ്ട്. അവരുടെ ചുറ്റുപാടും ജീവിതവുമെല്ലാം കുഫ്റിലാണ്. ഒരു വിശദീകരണത്തിന്റെയും ആവശ്യമില്ലാത്ത വിധം, ഒന്നും തെളിച്ച് പറയേണ്ടതില്ലാത്ത വിധമാവരുടെ പ്രവൃത്തി അവരുടെ അവസ്ഥക്ക് സാക്ഷ്യം വഹിക്കുന്നു.

ഇബ്നു കഥീർ തന്റെ തഫ്സീറിൽ ഈ സൂക്തം വിശദീകരിക്കുന്നു, "വിഗ്രഹാരകർ തങ്ങളുടെ നിഷേധത്തിന് സ്വന്തം വാക്കും കർമവും കൊണ്ട് സാക്ഷ്യം വഹിച്ചു"

ഇമാം ബഗവി പറയുന്നു, "ഹസൻ അൽ ബസ്വരി പറഞ്ഞു, 'തങ്ങൾ സത്യനിഷേധികളാണെന്ന് അവരൊരിക്കലും പറഞ്ഞിട്ടില്ല. പക്ഷേ, അവരുടെ വർത്തമാനങ്ങൾ അതിന് സാക്ഷ്യം വഹിച്ചു'. ദഹാക്ക് ഇബ്നു അബ്ബാസിൽ നിന്ന് ഉദ്ധരിക്കുന്നു, 'വിഗ്രഹങ്ങൾക്ക് സുജൂദ് ചെയ്തത് അവർ കാഫിറാണെന്നതിനുള്ള തെളിവാണ്'"

ബറാഅ് ബിൻ ആസ്വിബ് പറഞ്ഞു, എന്റെ പിതൃവ്യനെ ഒരു പതാകയുമായി ഞാൻ കണ്ടു. എന്താണ് കാര്യമെന്ന് ഞാൻ

അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു, *"സ്വപിതാവിന്റെ ഭാര്യയെ വിവാഹം കഴിച്ച ഒരാളിലേക്ക് പ്രവാചകൻ എന്നെ നിയോഗിച്ചിരിക്കുകയാണ്. അയാളെ കണ്ടാൽ കഴുത്ത് വെട്ടാനും ധനം പിടിച്ചെടുക്കാനും നബി കല്പിച്ചിരിക്കുന്നു*" (അബൂ ദാവൂദ് 3744). ഈ വിഷയത്തിൽ ചില കൂട്ടിച്ചേർക്കലുകൾ അഹ്മദിലെ ഹദീഥിൽ കാണാം. കാര്യങ്ങളെ വ്യക്തതയോടെ മനസ്സിലാക്കാൻ അതുപകരിക്കും. പിതൃവ്യൻ പറഞ്ഞു, "അയാളോട് ഞാൻ ഒന്നും ചോദിക്കുകയോ സംസാരിക്കുകയോ ചെയ്തില്ല. ഞാൻ പോയി അയാളെ വധിച്ചു, ധനം പിടിച്ചെടുത്തു. ഒന്നും ചോദിച്ചതുമില്ല, ഒന്നും പറഞ്ഞതുമില്ല"

ആരോപിക്കപ്പെട്ടിരിക്കുന്നത് പോലെ സത്യത്തിൽ അയാൾ അങ്ങനെ ചെയ്തിട്ടുണ്ടോ എന്ന് അയാളോട് ആരും വിശദീകരണം തേടിയില്ല. അയാളത് അനുവദനീയമാക്കിയിട്ടുണ്ടോ എന്ന് അയാളോട് ആരും ചോദിച്ചതുമില്ല. എന്നാൽ അയാൾ അങ്ങനെ ചെയ്തിട്ടുണ്ടെന്നത് അറിയപ്പെട്ട കാര്യമായിരുന്നു. ഇർതിദാദിന്റെ പേരിലാണ് അയാൾ പ്രവാചക കല്പനയാൽ കൊല ചെയ്യപ്പെട്ടത്.

നിങ്ങൾക്ക് വിരോധിക്കപ്പെട്ട വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നത് വൻപാപമാണ്. എന്നാൽ അത് മില്ലതിൽ നിന്ന് പുറംതള്ളുന്ന കുഫ്റല്ല. പക്ഷേ, ഇവിടെ അയാൾ ഇസ്ലാമിൽ നിന്ന് പുറത്താക്കപ്പെട്ടു. അയാൾ നിരാകരിക്കുകയും ഇസ്തിഹ്ലാൽ ചെയ്യുകയും ചെയ്തതിന് തെളിവുണ്ട്. എല്ലാ ജനങ്ങളും കാൺകെയാണ് അയാൾ ആ വിവാഹം

നടത്തിയത്. അതയാൾ ആഘോഷിക്കുകയും ചെയ്തു. അയാളുടെ ആ പ്രവൃത്തി അല്ലാഹുവിന്റെ കല്പന നിരാകരിച്ചതിന്റെയും നിഷിദ്ധത അനുവദനീയമാക്കിയതിന്റെയും തെളിവായിരുന്നു. അതുകൊണ്ടാണ് ആ വിഷയത്തിൽ ഒരന്വേഷണം പോലുമില്ലാതെ അയാളിൽ നിയമ നടപടി സ്വീകരിച്ചത്.

എല്ലാ നിരാകരണവും: അല്ലാഹു അവതരിപ്പിച്ചതിനെ ആന്തരികമായും ബാഹ്യമായും നിഷേധിക്കുക. അങ്ങനെ ഹൃദയം കൊണ്ടും നാവു കൊണ്ടും കർമം കൊണ്ടും നിരാകരിക്കുന്നവൻ കാഫിറാണ്.

അഖീദ ത്വഹ്ഹാവിയിൽ വന്നിരിക്കുന്ന പ്രസ്താവന ശരിയാം വിധം മനസ്സിലാക്കണമെന്ന് പണ്ഡിതൻമാരിൽ ചിലത് ഓർമപ്പെടുത്താറുണ്ട്. "തന്നെ ഇസ്ലാമിൽ പ്രവേശിപ്പിച്ചതിനെ നിഷേധിക്കാതെ ഒരു ദാസനും ഇസ്ലാമിൽ നിന്ന് പുറത്ത് പോവുകയില്ല". നാം പറയുന്നു, ജൂഹൂദ് മേൽപ്പറഞ്ഞ നാല് തരത്തിൽ എങ്ങനെയുമാകാം. എന്നാൽ ജുഹൂദ് കൂടാതെയും ആളുകൾ കുഫ്റിൽ പെടാവുന്നതാണ്.

നാലാമത്തെ സവിശേഷത: *അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് വിധിക്കാത്തിരിക്കുക.*

ഒരാൾ അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ല. അങ്ങനെ ചെയ്യുന്നത് അയാൾ വെറുക്കുന്നു. അതിൽ നിന്ന് അയാൾ മുഖം തിരിക്കുന്നു. അത് ഏതെങ്കിലുമൊരു

വിഷയത്തിലാണെങ്കിൽ പോലും അയാൾ കാഫിറാണ്. **"കുഫ്ർ ചെയ്തവർക്ക് നാശം. അവൻ അവരുടെ കർമങ്ങൾ പാഴാക്കിക്കളയും. കാരണം, അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തു കളഞ്ഞു. അപ്പോൾ അവരുടെ കർമങ്ങൾ അവൻ നിഷ്ഫലമാക്കിത്തീർത്തു"** (47 : 8, 9)

അല്ലാഹു അവതരിപ്പിച്ചതിനോടും പ്രവാചകൻ കൊണ്ടു വന്നതിനോടുമുള്ള വെറുപ്പ് നിമിത്തം അവരുടെ കുഫ്ർ വ്യക്തമായാൽ അയാൾ കാഫിറാണെന്ന് പറയാം. **"അവർ വിളിച്ച് പറയും, 'ഹേ മാലിക്! താങ്കളുടെ രക്ഷിതാവ് ഞങ്ങളിൽ വിധിക്കട്ടെ'. അദ്ദേഹം പറയും, 'നിങ്ങൾ വസിക്കേണ്ടവർ തന്നെ'. തീർച്ചയായും നാം നിങ്ങൾക്ക് സത്യം കൊണ്ടുവന്ന് തരികയുണ്ടായി. പക്ഷേ, നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നു"** (43 : 77, 78).

സത്യത്തോടുള്ള വെറുപ്പ് മൂലം അവർ നിത്യ നരകാവകാശിയായി. **"തങ്ങൾക്ക് സുമാർഗം വ്യക്തമാക്കപ്പെട്ട ശേഷം പിന്തിരിഞ്ഞ് പോയവർക്ക് പിശാച് അലംകൃതമായി തോന്നിച്ചിരിക്കുന്നു, തീർച്ച. അവർക്കവൻ വ്യാമോഹങ്ങൾ നീട്ടിയിട്ട് കൊടുത്തിരിക്കുന്നു. അല്ലാഹു അവതരിപ്പിച്ചത് ഇഷ്ടപ്പെടാത്തവരോട് 'ചില കാര്യങ്ങളിൽ ഞങ്ങൾ നിങ്ങളുടെ ആദേശങ്ങൾ അനുസരിക്കാ'മെന്ന് അവർ പറഞ്ഞിട്ടുള്ളതു കൊണ്ടാണത്"** (47 : 25, 26)

നാം പറയുന്നു, പിന്തിരിഞ്ഞ് പോയവരും നിഷേധിച്ചവരും സത്യം വ്യക്തമായ ശേഷവും, നേർമാർഗം ദൃശ്യമായ ശേഷവും

അല്ലാഹു അവതരിപ്പിച്ചതിനെ വെറുക്കുകയായിരുന്നു. ചില കാര്യങ്ങളിൽ മാത്രം സത്യം അംഗീകരിച്ചു കൊള്ളാമെന്നാണവർ പറഞ്ഞത്. ചില കാര്യങ്ങളിൽ മാത്രം ഉപേക്ഷിച്ചവർ കാഫിറുകളാണെങ്കിൽ പിന്നെ അല്ലാഹു അവതരിപ്പിച്ചതപ്പാടെ വെറുത്തവരോ? സംശയം വേണ്ട, അവർ കുഫ്റിൽ ഒന്നാമരാണ്. ഇർതിദാദിലും പ്രഥമർ തന്നെ.

അഞ്ചാമത്തെ സവിശേഷത: *അല്ലാഹുവിന്റെ നിയംങ്ങളെക്കാൾ ഇതര നിയമങ്ങൾക്ക് മുർഗണന കൊടുക്കുക*

അല്ലാഹു അവതരിപ്പിച്ചതിനേക്കാൾ മനുഷ്യ നിർമിത നിയമങ്ങൾക്ക് മുൻഗണന നൽകുന്നവൻ. അവൻ അല്ലാഹു അവതരിപ്പിച്ചത് തള്ളിക്കളയുന്നില്ല.അതിനെ വെറുക്കുന്നുമില്ല. മനുഷ്യനിർമിത നിയമങ്ങൾക്ക് മുൻഗണന കൊടുക്കുന്നുവെന്നേയുള്ളൂ. അല്ലെങ്കിൽ, അതിനെ ഇസ്ലാമിക നിയമത്തോടൊപ്പം വെക്കുന്നു. ഇന്നത്തെ മനുഷ്യരുടെ ആവശ്യങ്ങളനവധിയോട് അതാണ് യോജിക്കുന്നതെന്നും അവർ കരുതുന്നു. ഇത് വലിയ കുഫ്റാണെന്ന കാര്യത്തിൽ സംശയം വേണ്ട.

ശയ്ഖ് മുഹമ്മദ് ബിൻ ഇബ്റാഹീം ആൽ ശയ്ഖ് പറയുന്നു, **"അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു"** (42 : 11). ഈ സൂക്തം അല്ലാഹുവും നാമും തമ്മിലുള്ള സകല സമീകരണങ്ങളും നിരാകരിക്കുന്നു. സൃഷ്ടിയിൽ ഒന്നും അല്ലാഹുവെ പോലേയില്ല. സവിശേഷതകളിലും ഇല്ല.

സ്വഭാവങ്ങളിലും ഇല്ല. സംഭാഷണത്തിലോ വിധിതീർപ്പിലോ പ്രവൃത്തിയിലോ അല്ലാഹുവിന് തുല്യമായില്ല" (തഹ്കീമുൽ ഖവാനീൻ). നാമത്തിലും സവിശേഷതകളിലും അല്ലാഹുവോട് സമീകരണം നാം നിരാകരിക്കുന്നു. അതേപോലെ വചനത്തിലും നാമത് നിരാകരിക്കുന്നു. മനുഷ്യനിർമിത നിയമങ്ങളും ഭരണഘടനയും അല്ലാഹുവിന്റെ നിയമങ്ങൾക്ക് മുന്നിൽ വെക്കുമ്പോൾ, അല്ലാഹുവിന്റെ ശരീഅത് പോലെയല്ല മറ്റുള്ളവയെന്ന് പറയുമ്പോൾ നാം മൗനം പാലിക്കുകയെന്നത്, അല്ലാഹുവിന്റെ നാമവിശേഷണങ്ങളോട് മനുഷ്യന്റെ നാമവിശേഷണങ്ങളെ സമീകരികുന്നത് പോലെ തന്നെയുള്ള കുഫ്റാണ്. അല്ലാഹുവിന്റെ വിധികർതൃത്വത്തിലുള്ള സമീകരണമാണത്. **"ജാഹിലിയ്യതിന്റെ വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവേക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?"** (5 : 50)

മൂന്നാം തരം

അല്ലാഹു അവതരിപ്പിക്കാത്തത് കൊണ്ടുള്ള വിധി - കുഫ്റുൽ അക്ബറും കുഫ്റുൽ അസ്വ്ഗറും അല്ലാത്തത്.

കുഫ്റുൽ അക്ബറിലോ കുഫ്റുൽ അസ്വ്ഗറിലോ പെട്ടുപോകാത്ത തരത്തിലുള്ള ഒരു മൂന്നാം തരമുണ്ട് ഈ വിഷയത്തിൽ. എല്ലാ കാര്യങ്ങളും അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് വിധിക്കുന്ന ഒരാൾ. എന്നാൽ ഒരു വിഷയത്തിൽ അയാൾ ഇജ്തിഹാദ് ചെയ്തു. എന്നാൽ അയാളുടെ ആ ഇജ്തിഹാദ് തെറ്റിപ്പോയി. ശരീഅതിൽ ശരിയായ കാര്യമായിരുന്നില്ല അത്. അത് കുഫ്റുൽ അക്ബറോ കുഫ്റുൽ അസ്വ്ഗറോ അല്ല. അയാളുടെ ഈ ഇജ്തിഹാദിന് അയാൾക്ക് ഉറപ്പായും പ്രതിഫലമുണ്ട്. ഹദീഥിൽ അത് കൃത്യമായി വന്നിട്ടുള്ളതാണ്. ***"ഒരു ഭരണാധികാരി ഇജ്തിഹാദ് ചെയ്തു. അത് പിഴച്ചാൽ ഒരു പ്രതിഫലമുണ്ട്. അല്ലെങ്കിൽ രണ്ട് പ്രതിഫലം"*** (ബുഖാരി, മുസ്‌ലിം).

ഈ രീതിയുടെ സവിശേഷതകൾ നാം താഴെ ചർച്ച ചെയ്യുന്നു:

എല്ലാ വിഷയങ്ങളിലും അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് മാത്രം വിധിക്കുവാൻ അയാൾ ശ്രമിച്ചിട്ടുണ്ട്. എന്നാൽ പ്രമാണങ്ങളിൽ വ്യക്തത ഇല്ലാത്ത കാര്യങ്ങളിൽ അയാൾ ഇജ്തിഹാദ് ചെയ്യുന്നു, വ്യക്തതയുള്ളതിൽ അയാൾ അങ്ങനെ ചെയ്യുന്നുമില്ല. ഇജ്തിഹാദ് ചെയ്യാത്ത കാര്യങ്ങളിൽ

ഈ സവിശേഷത യോജിക്കുകയുമില്ല.

താൻ ചെയ്യുന്ന ഇജ്തിഹാദ് ശരീഅതിന് എത്തിരായിരിക്കണമെന്ന ഉദ്ദേശ്യത്തോടെയല്ല അയാളത് ചെയ്യുന്നത്. ശരീഅതിന് എതിരാണ് അതിന്റെ ഫലമെന്ന് കണ്ടാൽ അയാൾ തന്റെ നിലപാട് തിരുത്തുകയും, സത്യത്തോട് ചേർന്ന് നിൽക്കുകയും ചെയ്യും. സത്യം ബോധ്യപ്പെട്ട ശേഷം ഒരിക്കലും പിഴവിൽ പിടിച്ച് തൂങ്ങി നിൽക്കുന്നുമില്ല. ഇജ്തിഹാദിനുള്ള യോഗ്യതയുള്ള ആളായിരിക്കും അയാളെന്ന് വ്യക്തമാണല്ലോ. ഈ സവിശേഷതകളോട് കൂടിയ വ്യക്തിക്ക് അയാൾ ചെയ്ത ഇജ്തിഹാദ് അനുസരിച്ചുള്ള പ്രതിഫലമുണ്ട്. അതിലെ പിഴവ് കുഫ്റുൽ അക്ബറോ കുഫ്റുൽ അസ്വ്ഗറോ ആയിരിക്കുകയില്ല.

ചുരുക്കം

കുഫ്റിന്റെ വിധി മൂന്ന് വ്യത്യസ്ത അവസ്ഥകളുമായി ബന്ധപ്പെട്ട് കിടക്കുന്നു. (1) കുഫ്റുൽ അസ്വ്ഗർ. (2) കുഫ്റുൽ അക്ബർ. ഇതിൽ പെട്ടുപോകുന്ന ആരും കാഫിറാണ്. (3) മുജ്തഹിദിന്റെ പദവിയിലുള്ള ഭരണാധികാരിയുടെ വീഴ്ചകൾ. ഇവ്വിഷയത്തെ കുറിച്ച് സംസാരിക്കുന്ന ഏതൊരാളും ഈ മൂന്ന് തരങ്ങളെയും അതിന്റെ സവിശേഷതകളെയും ശരിയാം വണ്ണം മനസ്സിലാക്കേണ്ടത് ബാധ്യതയാണ്.

നമ്മോട് വിയോജിക്കുന്നവർക്ക് ഈ മൂന്ന് തരംതിരിവുകൾ ഒരു പ്രശ്നമേയല്ല. എന്നാൽ യാഥാർത്ഥ്യത്തെ സമീപിക്കുമ്പോൾ അവർക്ക് പ്രശ്നങ്ങൾ നേരിടേണ്ടി വരും. അവർ കര്യങ്ങളപ്പാടെ പരസ്പരം കൂട്ടിക്കുഴക്കുകയാണ് ചെയ്യുന്നത്. യഥാർഥ സന്ദർഭങ്ങളിൽ നിന്ന് വിഷയങ്ങളെ അടർത്തി മാറ്റി അവതരിപ്പിക്കുന്നു. പശ്ചാത്തലത്തിൽ നിന്നകന്ന് മാറി നിലപാടെടുക്കുന്നു. നമ്മോട് ഇവ്വിഷയത്തിൽ വിയോജിക്കുന്നവർ മൂന്ന് തരക്കാരാണ്.

ഒന്ന്, അവർക്ക് ഇതിന്റെ ഇനങ്ങളെല്ലാം അറിയാം. ശരീഅതിന്റെ വിധികളെ കുറിച്ചും തികഞ്ഞ ബോധ്യമുണ്ട്. പക്ഷേ, അതിന്റെ യാഥാർത്ഥ്യത്തെ അവർക്ക് യഥാവിധി മനസ്സിലാക്കാനായിട്ടില്ല. അതുകൊണ്ട് തന്നെ ശരിയാംവിധം പ്രമാണങ്ങളെ പ്രയോഗവതക്കരിക്കാൻ അവർക്കാവുന്നില്ല.

രണ്ട്, വ്യവസ്ഥയുടെ എല്ലാ വാസ്തവികതകളും കുഫ്റിന്റെ സമസ്ത വിധികളും അവർക്കറിയാം. എന്നാൽ വിഷയസംബന്ധിയായ ശരീഅത് വിധികളും പ്രമാണങ്ങളും അവർക്കറിയില്ല.

മൂന്ന്, ഇവരിൽ ഏറ്റവും അപകടകാരികളും കുഴപ്പക്കാരും ഇക്കൂട്ടരാണ്. അവർക്ക് പ്രമാണങ്ങൾ അറിയാം. ശരീഅതിന്റെ വിധികളുമറിയാം. ചുറ്റുപാടുകളുടെ യാഥാർത്ഥ്യങ്ങളുമറിയാം. അതിന്റെ പ്രായോഗികതയും അറിയാം. എന്നാൽഅവർ ജനങ്ങളോട് സത്യം മറച്ചു വെക്കുന്നു. അത്തരക്കാർ അന്ത്യനാളിൽ അപകടകരമായ അവസ്ഥയിലായിരിക്കും.

ഉപ പാഠം രണ്ട്

ശരീഅതിനെ മറ്റൊരു ശരീഅത് കൊണ്ട് പകരം വെക്കൽ

അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് വിധിക്കാത്ത അവസ്ഥക്ക് അനുബന്ധമായ വിഷയമാണിത്. ഒരുവശത്ത് ശരീഅത് ഉപേക്ഷിക്കുകയും, മറുവശത്ത് ശരീഅത് അല്ലാത്തതനുസരിച്ച് വിധിക്കുകയും ഭരിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിക ശരീഅതിനെ മറ്റോരു ശരീഅത് കൊണ്ട് പകരം വെക്കുകയും, അതനുസരിച്ച് ഭരിക്കുകയും വിധിക്കുകയും ചെയുന്നവൻ സ്വാഭാവികമായും അല്ലാഹു അവതരിപ്പിച്ചതല്ലാത്തത് കൊണ്ട് ഭരിക്കുകയും വിധിക്കുകയുമാണ് ചെയ്യുന്നത്.

എന്നാൽ, അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ലെന്നതിന് അയാൾ മറ്റൊരു ശരീഅത് കൊണ്ട് വിധിക്കുന്നുവെന്ന് അർത്ഥമില്ല. അതായത്, അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ല എന്നേ നമുക്കതേക്കുറിച്ച് വിധി പറയാനാവൂ.

എന്നാൽ, ശരീഅത് എന്താണെന്നറിയുകയും, മനഃപൂർവം മറ്റൊരു ശരീഅത് കൊണ്ടുവരികയും, അത് ജനങ്ങളുടെ മേൽ നടപ്പിലാക്കുകയും ചെയ്യുന്ന ഏതൊരാളെ കുറിച്ചും തെല്ലും സന്ദേഹം വേണ്ട, കുഫ്റാണത്. അയാളത് അനുവദനീയ (ഇസ്തിഹ്‌ലാൽ) മാക്കുന്നുവോ ഇല്ലെയോ എന്നതിന് ഒരു പ്രസക്തിയുമില്ല. അയാളുടെ പ്രവൃത്തി തന്നെ

കുഫ്റായ സ്ഥിതിക്ക് അത്തരം ഇസ്തിഹ്ലാലിന്റെ ആവശ്യം തന്നെയില്ല.

മുൻപ് നാം പറയുകയുണ്ടായി, അല്ലാഹു അവതരിപ്പിച്ചത് അല്ലാത്തത് കൊണ്ടുള്ള വിധി കുഫ്റുൽ അക്ബറോ കുഫ്റുൽ അസ്വ്ഗറോ ആകാമെന്ന്. എന്നാൽ ശരീഅതിന് പകരം മറ്റൊരു ശരീഅത് കൊണ്ട് വരുന്ന കാര്യത്തിൽ ഈ വർഗീകരണമില്ല. അത് സ്വന്തം നിലക്ക് തന്നെ കുഫ്റുൽ അക്ബറാണ്. ഒന്നിനെ മറ്റൊന്നിനേക്കാൾ മുൻഗണന കൊടുക്കുമ്പോൾ സ്വാഭാവികമായി പകരം വെക്കൽ സംഭവിക്കുന്നുണ്ട്. ശരീഅതിന് പകരം മറ്റൊന്നിനെ പ്രതിഷ്ഠിക്കുന്നത് സ്വന്തം നിലക്ക് തന്നെ കുഫ്റുൽ അക്ബറാണ്. **"ജാഹിലിയ്യയുടെ വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനതക്ക് അല്ലാഹുവേക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?"** (5 : 50). അല്ലാഹുവിന്റെ ശരീഅതിന് വിരുദ്ധമായ ഇത് വിധിയും ജാഹിലിയ്യയുടെ വിധിയായാണ് പരിഗണിക്കപ്പെടുക.

ഉപരിസൂചിത സൂക്തം വിശദീകരിച്ച് കൊണ്ട് ഇമാം ഇബ്നു കഥീർ ഇങ്ങനെ എഴുതി, "എല്ലാ നന്മകളെയും സ്വാംശീകരിച്ച, സകല തിന്മകളും വിരോധിക്കുന്ന അല്ലാഹുവിന്റെ നിയമങ്ങൾ ഉപേക്ഷിച്ച് മനുഷ്യൻ സൃഷ്ടിച്ച നിയമങ്ങൾ സ്വീകരിക്കുന്നതിനെ അപലപിക്കുകയാണിവിടെ. ജാഹിലിയ്യയുടെ വക്താക്കൾ അതാണ് പ്രവർത്തിച്ച് പോന്നത്. താന്താങ്ങളുടെ ഇഷ്ടാനുസരണം നിർമിച്ച വഴിപിഴച്ച നിയമങ്ങളനുസരിച്ച് വിധികൽപ്പിക്കുന്നു. താർത്താരികളും അതുതന്നെയാണ് ചെയ്തത്. യാസിഖ് എന്ന പേരിൽ ഒരു

നിയമമുണ്ടാക്കി ചെങ്കിസ്ഖാൻ. ജൂതരിൽ നിന്നും ക്രിസ്ത്യാനികളിൽ നിന്നും ഇസ്ലാമിൽ നിന്നും ഇതര മതസംഹിതകളിൽ നിന്നും ശേഖരിച്ച് കൂട്ടിവെച്ച നിയമമായിരുന്നുവത്. സ്വാഭീഷ്ടമനുസരിച്ച് അവയിൽ നിന്നൊക്കെ പെറുക്കിയെടുത്ത നിയമങ്ങൾ. ഖുർആനിനപ്പുറവും പ്രവാചകചര്യയേക്കാളേറെയും അവർ മുൻഗണന നൽകിയത് ആ നിയമക്കൂട്ടത്തിനാണ്. അവർ സത്യനിഷേധികളാണ്. അല്ലാഹുവിന്റെയും ദൂതന്റെയും വിധിയിലേക്ക് മടങ്ങിയെത്തും വരെ, ചെറുതും വലുതുമായ എല്ലാ വ്യവഹാരങ്ങളിലും ദൈവിക നിയമമനുസരിച്ച് വിധിതീർപ്പ് കൽപ്പ്പികും വരെ അവരോട് യുദ്ധം ചെയ്യേണ്ടത് നിർബന്ധ ബാധ്യതയാണ്" (തഫ്സീർ ഇബ്നു കഥീർ).

ഇബ്നു കഥീർ തന്നെ മറ്റൊരിടത്ത് എഴുതുന്നു, "അന്ത്യപ്രവാചകനായ മുഹമ്മദ് ബിൻ അബ്ദുല്ലാക്ക് അവതരിപ്പിക്കപ്പെട്ട സുവ്യക്ത സന്ദേശം ആര് ഉപേക്ഷിക്കുകയും, വിധിതീർപ്പിനായി ഇതര സ്രോതസ്സുകളെ സ്വീകരിക്കുകയും, അതേപോലെ മനുഷ്യനിർമിത നിയമങ്ങളെ സമീപിക്കുകയും, യാസിഖിനെ നിയമമായി സ്വീകരിക്കുകയും ചെയ്തുവോ, അയാൾ മുസ്ലിംകളുടെ ഏകാഭിപ്രായ പ്രകാരം കാഫിറാണ്. **"ജാഹിലിയ്യയുടെ വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനതക്ക് അല്ലാഹുവേക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?"** (5 : 50)"

ഇബ്നു കഥീറിന്റെ ഉപര്യുക്ത വിശദീകരണത്തെ കുറിച്ച് ശയ്ഖ് അഹ്മദ് ശാകിർ എഴുതുന്നു, "യൂറോപ്പിൽ നിന്നും വിഗ്രഹാരാധകരായ നിഷേധികളിൽ നിന്നും സ്വാംശീകരിച്ച

നിയമങ്ങൾ കൊണ്ട് മുസ്‌ലിം നാടുകളിൽ ഭരിക്കുക അല്ലാഹുവിന്റെ ദീനിൽ സാധ്യമാണോ? അല്ലാഹുവിന്റെ ശരീഅതിനെ നിഷേധിക്കുകയാണെന്ന യാതൊരു ബോധവുമില്ലാതെ, സ്വാർഥ താത്പര്യങ്ങൾക്കനുസരിച്ച് നിയമം നിരാകരിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുക. സൂര്യപ്രകാശത്തിന്റെ സ്വച്ഛത പോലെ വ്യക്തതയുണ്ട് മനുഷ്യനിർമിത നിയമങ്ങൾ കുഫ്റാണെന്ന കാര്യത്തിൽ. അക്കാര്യത്തിൽ രഹസ്യാത്മകതയും സന്ദേഹവുമില്ല. അങ്ങനെ പ്രവർത്തിക്കുന്നവർ ആരുമായിക്കൊള്ളട്ടെ അവർക്ക് യാതൊരു ന്യായവുമില്ല. ഓരോരുത്തരും സ്വന്തം നിലക്ക് സൂക്ഷിക്കട്ടെ" (ഉംദതുത്തഫ്സീർ 4 / 174)

ശയ്ഖ് ഹാമിദുൽ ഫഖ്ഹി ഫതഹുൽ മജീദിന്റെ ഹാശിയയിൽ യാസിഖിനെ കുറിച്ച ഇബ്നു കഥീറിന്റെ ഉപരി സൂചിത വിശദീകരണത്തിന്റെ ചുവട്ടിൽ ഇങ്ങനെ കുറിച്ചിട്ടു, "ഇതിനോട് സദൃശ്യതയുള്ളതും, ഇതേക്കാൾ മോഷപ്പെട്ടതുമാണ് ഫ്രഞ്ച് നിയമങ്ങളെ കുറിച്ച് സംസാരിക്കുകയും അത് സ്വീകരിക്കണമെന്ന് പറയുകയും ചെയ്യുന്നത്. അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകചര്യയും വ്യക്തമാക്കിയ വിഷയങ്ങളിൽ ജ്ഞാനമുള്ളതോടൊപ്പം തന്നെ മറ്റൊന്നിന് മുൻഗണന കൊടുക്കുന്നു. ഇത് കുഫ്റും ഇർതിദാദും ആണെന്നതിൽ സന്ദേഹം വേണ്ട. അല്ലാഹു അവതരിപ്പിച്ചതിലേക്ക് അവർ മടങ്ങട്ടെ. ചൊല്ലി വിളിക്കപ്പെടുന്ന അവന്റെ മുസ്‌ലിം നാമങ്ങളൊന്നും അവന് ഗുണം ചെയ്യുകയില്ല. അയാളുടെ യാതൊരു കർമവും അയാൾക്കുപകാരപ്പെടുകയില്ല. അയാളുടെ നിസ്കാരങ്ങളോ, നോമ്പോ, സകാതൊ, ഹജ്ജോ ഒന്നും" (ഹാശിയ 396).

അല്ലാഹു അവതരിപ്പിച്ച ശരീഅതിന് പകരം മറ്റൊന്ന് വെക്കുന്ന ഭരണാധികാരിയുടെ കുഫ്റിനെ സൂചിപ്പിക്കുന്ന മൂന്ന് സൂക്തങ്ങളുണ്ട്. "**അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് ആര് വിധിക്കുന്നില്ലയോ അവൻ കാഫിറാണ്", "....... അവൻ ദ്വാലിമാണ്", "....... അവൻ ഫാസിഖാണ്**" (5 : 44, 45, 47).

നാം പറയുന്നു, ഇത്, അല്ലാഹുവിന്റെ നിയമങ്ങൾ മാറ്റി മറിച്ച് മറ്റൊരു നിയമത്തെ പകരം കൊണ്ട് വന്ന ജൂതരെ കുറിച്ച് അവതരിച്ചതെന്ന് ശയ്ഖ് നാസ്വിറുദ്ദീൻ അൽബാനി തന്റെ സിൽസിലതുസ്സ്വഹീ (6 / 2552) ഹിൽ പറഞ്ഞിട്ടുണ്ട്.

ഇബ്നു അബ്ബാസ് പറയുന്നു, ജൂതന്മാരിൽ പെട്ട രണ്ട് വിഭാഗങ്ങളെ കുറിച്ച് അവതരിച്ചതാണിത്. ജാഹിലിയ്യാ കാലത്ത് അവരിലൊരു കൂട്ടർ മറുവിഭാഗത്തെ പരാജയപ്പെടുത്തുകയുണ്ടായി. അവർ മറുകൂട്ടർക്ക് മേൽ ആധിപത്യം സ്ഥാപിച്ചിരുന്നു. അതിന്റെ ഫലമായി അവരിരുകൂട്ടർക്കുമിടയിൽ ഒരു ഉടമ്പടി നിലവിൽ വന്നു. ആ ഉടമ്പടി പ്രകാരം ജേതാക്കളായ അസീസി ഗോത്രക്കാരിൽപ്പെട്ട ആര് വധിക്കപ്പെട്ടാലും പരാജിതരായ അദ്ദലീലിയ ഗോത്രം നൂറ് വസ്ഖ് തൂക്കം വരുന്ന ഏകദേശം മൂന്ന് കിലോഗ്രാം സ്വർണം വീതം കൊല്ലപ്പെട്ടവന് രക്തമൂല്യമായി നൽകേണ്ടതുണ്ടായിരുന്നു. എന്നാൽ പരാജിത വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് വധിക്കപ്പെട്ടവർക്ക് പകരമായി അൻപത് വസഖ് മാത്രമാണ് നഷ്ടപരിഹാരമായി ജേതാക്കൾ നൽകിയിരുന്നത്.

പ്രവാചകന്റെ ആഗമനത്തോളം ഈ കരാർ അവർക്കിടയിൽ നിലനിന്നിരുന്നു. പ്രവാചകനുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ ഫലമായി പിന്നീട് അവർക്ക് മദീനയിലെ പ്രാമാണികത്വം നഷ്ടമായി. ഇരു വിഭാഗവും പ്രവാചകദൃഷ്ടിക്ക് കീഴിലായി കഴിഞ്ഞിരുന്നു.

അങ്ങനെയിരിക്കെ പരാജിത വിഭാഗത്തിലെ ചിലരുടെ കൈയ്യാൽ ജേതാക്കളിൽ പെട്ട ഒരാൾ വധിക്കപ്പെടാനിടയായി. നൂറ് വസഖ് രക്തമൂല്യം ആവശ്യപെട്ടുകൊണ്ട് അവർ ഘാതകരുടെ ഗോത്രതിന് സന്ദേശമയച്ചു.

പരാജിത വിഭാഗം ചോദിച്ചു, "ഒരേ മതവും ഒരേ പാരമ്പര്യവും ഒരേ ഭൂമിയും സ്വന്തമായുള്ള രണ്ട് വിഭാഗങ്ങൾക്കിടയിൽ എങ്ങനെയാണ് ഈ അസമത്വം? ഒരു വിഭാഗത്തിന് മറ്റൊരു വിഭാഗത്തേക്കാൾ പകുതി. എന്നാൽ, ഇപ്പോഴിതാ നമുക്കിടയിൽ മുഹമ്മദ് ഉണ്ട്. അതുകൊണ്ട് തന്നെ നിങ്ങൾ ആവശ്യപ്പെട്ടത് തരാൻ ഞങ്ങളൊരുക്കമല്ല".

അതോടെ ഇരു വിഭാഗങ്ങൾക്കുമിടയിൽ യുദ്ധസംരംഭങ്ങൾക്കായുള്ള നീക്കങ്ങളുണ്ടായി. തർക്കവിഷയത്തിൽ തീർപ്പ് കല്പിക്കുന്നതിനായി പ്രവാചകനെ സമീപിക്കുവാൻ തീരുമാനമായി.

ജേതാക്കളിൽ പെട്ടവർ പരസ്പരം ഇങ്ങനെ പാഞ്ഞു, "അല്ലാഹുവാണ! മുഹമ്മദ് നിങ്ങൾക്ക് ഇരട്ടി

രക്തമൂല്യമൊന്നും നൽകാൻ പോകുന്നില്ല എന്നത് തീർച്ചയാണ്. അവരിപ്പോൾ പറഞ്ഞത് സത്യമാണ്. അന്യായത്തിന്റെ പേരിലാണ് അവർ നമുക്ക് പണം തന്നിരുന്നതെന്നനത് വാസ്തവമാണ്. നമുക്ക് മുഹമ്മദിന്റെ തീരുമാനം എന്താണെന്നറിയുന്നതിന് ചിലരെ പറഞ്ഞു വിടാം. നമ്മൾ ആവശ്യപ്പെട്ടത് നൽകാൻ തയ്യാറായാൽ നമുക്ക് മുഹമ്മദിന്റെ വിധി മാനിക്കാം. നമ്മൾ ചോദിച്ചത് തന്നില്ലെങ്കിൽ നാം ആ തീരുമാനത്തെ അംഗീകരിക്കുകയേ വേണ്ട"

അങ്ങനെ കപടന്മാരിൽ പെട്ട ചിലരെ അവർ പ്രവാചക തീരുമാനം അറിയുന്നതിന് വേണ്ടി പ്രവാചകന്റെ അടുത്തേക്ക് അയച്ചു. അവർ പ്രവാചകനെ സമീപിച്ചപ്പോഴേക്കും അവരുടെ കുതന്ത്രങ്ങളെ കുറിച്ച് അല്ലാഹു ഈ സൂക്തങ്ങൾ അവതരിപ്പിച്ചു,

ഇബ്നു അബ്ബാസ് പറയുന്നു, "അല്ലാഹുവാണ! അവരുടെ വിഷയത്തിലാണ് അല്ലാഹു ഇത് അവതരിപ്പിച്ചത്. അവരെയാണ് അല്ലാഹു ഉദ്ദേശിച്ചത്" (അഹ്മദ് 1 / 246, അൽ മുജ്മഉൽ കബീർ ലിത്വബ്റാനി 3 / 95 / 1, അബൂ ദാവൂദ് 4 / 7).

ഈ ഹദീഥിൽ നിന്ന് നിർത്സരിച്ചെടുക്കാവുന്ന വസ്തുതകൾ ഇങ്ങനെയാണ്:

(1) ഈ സൂക്തങ്ങൾ സത്യ നിഷേധികളായ ജൂതന്മാരുടെ

വലിയ കുഫ്റും, വലിയ ദ്വുൽമും, വലിയ ഫിസ്ഖുമായ ഒരു പ്രവൃത്തിയെ കുറിച്ച് സ്മരിച്ചു കൊണ്ട് അവതരിച്ചതാണ്.

(2) പ്രവാചകന്റെ വിധി തീർപ്പ് തള്ളിക്കളഞ്ഞ് കൊണ്ട് തങ്ങൾ അനുവർത്തിച്ചു പോന്ന മുൻകാല സമീപനത്തെ തന്നെ പിന്തുടരാൻ തീരുമാനിച്ച യഹൂദികളുടെ സത്യനിഷേധത്തിന്റെ കാര്യത്തിലാണ് ഈ വിധിപ്രഖ്യാപനം വന്നത്. അവർ അല്ലാഹു അവതരിപ്പിച്ച ശരീഅതിന് പകരം സ്വാഭീഷ്ടങ്ങളെ പകരം വെക്കുകയായിരുന്നു.

(3) അല്ലാഹുവിന്റെ നിയമം മാറ്റി വെച്ച് സ്വന്തം നിർമിത നിയമങ്ങൾ സ്വീകരിക്കുമ്പോൾ, തങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അവർ പൂർണ ബോധവാന്മാരായിരുന്നു. തങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് അറിഞ്ഞ ശേഷവും അവരത് തുടർന്നു. സ്വന്തം ഹൃദയബോധ്യത്തെ തള്ളിക്കളഞ്ഞു കൊണ്ടാണ് അവരങ്ങനെ ചെയ്തത്. സ്വാഭീഷ്ടത്തെ അല്ലാഹുവിന്റെ ശരീഅതിന് പകരം വെച്ചത് കൊണ്ട് സംഭവിച്ചതാണത്.

(4) ഈ പകരം വെക്കലിൽ തങ്ങളിലെ ഒരു വിഭാഗങ്ങളും ഈ താൾ യമം അംഗീകരിക്കാണമെന്നുംഅവർ ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെ അല്ലാഹു അവതരിപ്പിച്ച നിയമമല്ല അതെന്ന കാര്യത്തിൽ ഒരു കൂട്ടർക്കും ഉത്തമ ബോധ്യമുണ്ടായിരുന്നു. "നിങ്ങൾ ഞങ്ങളെ കീഴടക്കുകയും ഞങ്ങൾ നിങ്ങളെ ഭയക്കുകയും ചെയ്യുന്നതിനാൽ മാത്രമാണ് ഞങ്ങളിത് സമ്മതിച്ചു തന്നത്"

എന്ന് മറുകൂട്ടർ വ്യക്തമാക്കിയിട്ടുണ്ടല്ലോ. തങ്ങൾ കുഫ്റിന് എതിരു നിൽക്കുന്നുണ്ട് എന്ന് അവർ മനസ്സിൽ പോലും ധരിച്ചിട്ടില്ലെന്നതിന് ഇത് തെളിവാണ്. അത് അന്യായമാണെന്ന അഭിപ്രായം മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. അവരുടെ കുഫ്റുൽ അക്ബർ സൂചിപ്പിച്ച് കൊണ്ടാണ് ഈ സൂക്തം അവതരിച്ചത്.

(5) ജൂതരെ പോലെ ഈ തെറ്റിൽ വീഴുന്ന, ഈ സവിശേഷതകൾ പേറുന്ന ഏതു നാട്ടിലെ ഏതു ഭരണാധികാരിക്കും ജൂതരുടെ അതേ വിധി തന്നെയായിരിക്കും.

സൂക്തം ജൂതരെ കുറിച്ച് അവതരിച്ചതാണെങ്കിലും അതിന്റെ വിധി പൊതുവായതും, അതിനാൽ തന്നെ ആ സവിശേഷത പേറുന്ന എല്ലാവർക്കും ബാധകവുമാണ്. കയ്പുള്ളതെന്തും ജൂതനും, മധുരം കിനിയുന്നത് മാത്രം നമുക്കെന്നത് ന്യായമല്ലല്ലോ. അതായത്, അല്ലാഹുവിന്റെ ശരീഅത് ഒരു ജൂതനാണ് മാറ്റി മറിക്കുനതെങ്കിൽ അവൻ കാഫിറായി മാറും. ഇതേ വേല മുസ്‌ലിംകളാണ് ചെയ്യുന്നതെങ്കിൽ കാഫിറാവുകയില്ല. അത് എന്ത് നീതിയാണ്? എന്ത് ന്യായമാണ്? വിധി എല്ലാവർക്കും ഒരേപോലെ ബാധകമാണ്.

അബൂ ബുക്തരി പറയുന്നു, ഈ സൂക്തങ്ങൾ ബനൂ ഇസ്രായേല്യരെ കുറിച്ച് അവതരിപ്പിച്ചതല്ലേയെന്ന് ഒരാൾ അബൂ ഹുദയ്ഫയോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, "അതെ, ഇത് ഇസ്രായേല്യരിലെ നിന്റെ സഹോദരന്മാർക്ക്

വേണ്ടി അവതരിച്ചതാണ്. കയ്പുള്ളതെല്ലാം അവർക്ക്, ഇനിപ്പുള്ളതെന്തും നിങ്ങൾക്ക്. അല്ലാഹുവാണ! നിങ്ങളവരുടെ പാദമുദ്രകകളപ്പാടെ പിൻപറ്റുക തന്നെ ചെയ്യും".

ഇബ്നു മസ്ഊദും ഹസൻ ബസ്വരിയും പറഞ്ഞു, "ഈ സൂക്തങ്ങൾക് ഒരു പൊതുമാനമുണ്ട്. അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് വിധിക്കാത്ത മുസ്ലിമിലും ജൂതനിലും സത്യനിഷേധികളിലും ബാധകമായതാണിത്".

(6) ഇസ്തിഹ്ലാൽ ചെയ്തതിന്റെ പേരിലല്ല അവർ കാഫിറുകളായത്. അല്ലാഹു അവതരിപ്പിച്ചതനുസരിച്ചാണ് തങ്ങൾ വിധി കൽപ്പിക്കുന്നതെന്ന് അവരൊരിക്കൽ പോലും അവകാശപ്പെട്ടിട്ടില്ല. ഈ ഹദീഥ് അങ്ങനെയുള്ള ഒരു സൂചനയും നൽകുന്നില്ല. അവർ നിഷേധികളായതിന് കാരണം, അല്ലാഹുവിൽ നിന്നവതരിച്ചതിനെ മാറ്റി നിർത്തിയെന്നതായിരുന്നു. തങ്ങൾ ചെയ്യുന്നത് ശരിയല്ലെന്ന ബോധ്യവും അവർക്കുണ്ടായിരുന്നു.

ഇക്കാലത്ത് ചില പണ്ഡിതന്മാർ പറയുന്നത്, '**ശരീഅതിന് പകരം കുഫ്റിനെ കൊണ്ട് വരികയും, അല്ലാഹുവിന്റെ ശരീഅതിന് പകരമായി കുഫ്റിനെ പകരം വെക്കുകയാണ്'** എന്ന് പറഞ്ഞു ചെയ്താൽ മാത്രമേ ഒരാൾ കാഫിറാവുകയുള്ളൂ എന്നാണ്. കുഫ്ർ അനുസരിച്ച് ഭരിക്കുന്ന ഭരണാധികാരി, അല്ലാഹുവിൽ നിന്നുള്ളതല്ലാത്ത ഒന്ന് അല്ലാഹുവിൽ നിന്നുള്ളതാണെന്ന് പറഞ്ഞാൽ മാത്രമെ കാഫിറാവുകയുള്ളൂ എന്നുമാണവർ പറയുന്നത്. ഇത്തരം

പ്രസ്താവനകൾ പ്രമാണ വിരുദ്ധമാണ്.

ശയ്ഖ് നാസ്വിറുദ്ദീൻ അൽബാനി പരിശോധിച്ച് തന്റെ സിൽസിലയിൽ ഉൾപ്പെടുത്തിയ ഹദീഥാണിത്. എന്നാൽ അതിന് അദ്ദേഹം എങ്ങനെയാണ് ഇങ്ങനെയൊരു വിശദീകരണവും ടിപ്പണിയും നൽകിയത്? അദ്ദേഹത്തിന്റെ ബോധ്യത്തിനെതിരെ സംസാരിക്കാൻ നാം നിർബന്ധിതരാവുകയാണ്. കാരണം, അദ്ദേഹത്തിന്റെ നിലപാടിനെ സമൂഹം അവലംബിക്കുകയും, അത് അപകടകരമായ ഒരു ചിന്താധാരയായി വളരുകയും ചെയ്ത സന്ദർഭത്തിൽ പ്രത്യേകിച്ചും. അദ്ദേഹത്തിന് എതിരെ സംസാരിക്കാനുള്ള ധാർഷ്ട്യവും ധിക്കാരവുമല്ല ഇതിനു പിന്നിലെന്ന് ഞാൻ ഉണർത്തട്ടെ. സത്യാസത്യ സംശ്ലേഷത്തെ വിഭേദിച്ചകറ്റി നേരിന് വ്യക്തത വരുത്തുവാനാണ് നാം ഉദ്ദേശിക്കുന്നത്. കാര്യങ്ങൾ സ്പഷ്ടമാക്കപ്പെടണം, സത്യം സ്ഫുടമാകണം. നമ്മെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണത്. ദൈവപ്രീതിക്ക് വേണ്ടി മാത്രമായിരിക്കണം നമ്മുടെ മൈത്രീ ബന്ധങ്ങൾ.

ശയ്ഖ് അൽബാനി സിൽസിലയിൽ ഇങ്ങനെ കുറിച്ചിട്ടു, "..... **അവർ കാഫിറുകളാകുന്നു**", "..... **അവർ ദ്വാലിമുകളാകുന്നു**", "..... **അവർ ഫാസിഖുകളാകുന്നു**" എന്നീ മൂന്ന് സൂക്തങ്ങൾ അവതരിച്ചത് ജൂതനെ കുറിച്ചാണെന്ന് നിങ്ങളറിയുമ്പോൾ പ്രവാചകന്റെ ആ വിധിക്കെതിരെ അവർ പറഞ്ഞതൊന്ന് ശ്രദ്ധിക്കുക. "നമ്മൾ ആവശ്യപ്പെട്ടത് നൽകാൻ തയ്യാറായാൽ നമുക്ക് മുഹമ്മദിന്റെ വിധി മാനിക്കാം. നമ്മൾ ചോദിച്ചത് തന്നില്ലെങ്കിൽ നാം ആ തീരുമാനത്തെ അംഗീകരിക്കുകയേ

വേണ്ട" ഈ സൂക്തങ്ങൾക്ക് മുൻപ് തന്നെ ഖുർആൻ ഇതിലേക്കുള്ള സൂചന നൽകുന്നത് കാണാം, **"അവർ പറയും, ഇതേ വിധി തന്നെയാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അത് സ്വീകരിക്കുക. അതല്ല നൽകപ്പെടുന്നതെങ്കിൽ നിങ്ങൾ സൂക്ഷിക്കുക"** (5 : 41). ഇക്കാര്യം നിങ്ങൾക്ക് ബോധ്യമായാൽ പിന്നെ ഈ സൂക്തങ്ങളെ അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് ഭരിക്കുകയും വിധിക്കുകയും ചെയ്യാത്ത മുസ്‌ലിംകളിലെ ചില ഭരണാധികാരികൾക്കും ന്യായാധിപന്മാർക്കുമെതിരെ ഉപയോഗിക്കുവാൻ അനുവാദമുണ്ടായിരിക്കുകയില്ല.

ഞാൻ പറയുന്നു, ഇക്കാരണം കൊണ്ട്, അവർ അല്ലാഹുവിലും റസൂലിലും ഈമാൻ ഉള്ളവരായിരിക്കെ, അവരെ കാഫിറാക്കാനോ, അവരെ ദീനിൽ നിന്ന് പുറത്താക്കാനോ അനുവാദമില്ല. ഇനി, അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് വിധിക്കുന്ന കാര്യത്തിൽ അവർ പാപം പ്രവൃത്തിക്കുന്നുണ്ടെങ്കിൽ പോലും അത് അനുവദനീയമല്ല. വിധിതീർപ്പിന്റെ കാഴ്ചപ്പാടിൽ അവർ ജൂതരെ പോലെയാണെങ്കിലും, അല്ലാഹുവിലുള്ള വിശ്വാസത്തിലും ശിക്ഷാ വിധികളും അവർ ജൂതരോട് വ്യതിരക്തത പുലർത്തുന്നുണ്ട്. ജൂതന്മാർ പ്രവാചകനെ തള്ളിക്കളഞ്ഞിരുന്നതായി അവരുടെ പ്രസ്താവന വ്യക്തമാക്കുന്നുണ്ട്. അവർ പറഞ്ഞുവല്ലോ, "നമ്മൾ ചോദിച്ചത് തന്നില്ലെങ്കിൽ നാം ആ തീരുമാനത്തെ അംഗീകരിക്കുകയേ വേണ്ട"

അതിന്റെ കാരണം, ആ കുഫ്ർ രണ്ട് തരത്തിലുണ്ട് എന്നതാണ്.

വിശ്വാസത്തിലെ കുഫ്റും കർമത്തിലെ കുഫ്റും. ഇഅ്തിഖാദിയായ കുഫ്റിന് ഹൃദയവുമായിട്ടാണ് ബന്ധമെങ്കിൽ ഫിഅ്ലിയായ കുഫ്റിന് ശാരീരികാവയവങ്ങ (ജവാരിഹ്) ളുമായാണ് ബന്ധം. ശരീഅതിന് വിരുദ്ധമായ കർമങ്ങളുമായി ബന്ധപ്പെട്ട കുഫ്ർ ഹൃദയത്തിൽ നിന്നുണ്ടായതാണെങ്കിൽ, അതായത് വിശ്വാസപരമായ കുഫ്റിന്റെ ഭാഗമായി ബഹിർഗമിച്ചതാണെങ്കിൽ അത് കുഫ്ർ തന്നെയാണ്. അല്ലാഹു അത് പൊറുത്ത് കൊടുക്കുകയില്ല. അവൻ നിത്യനരകവാസിയുമായിരിക്കും. എന്നാൽ കർമങ്ങങ്ങളിൽ നിന്നുണ്ടായ ഈ കുഫ്റുണ്ടല്ലോ, അത് ഹൃദയത്തിലെ വിശ്വാസവുമായി സംഘർഷത്തിലായിരിക്കെ അവൻ അല്ലാഹുവിന്റെ വിധി പ്രകാരം വിശ്വാസി തന്നെയായിരിക്കും. അവന്റെ കർമങ്ങൾ അതിനെതിരാണെങ്കിലും ശരി. അപ്പോൾ ആ കുഫ്ർ കർമപരമായ കുഫ്ർ മാത്രമായിരിക്കും. അത് വിശ്വാസപരമായ കുഫ്ർ ആയിരിക്കുകയില്ല. അയാൾ അല്ലാഹുവിന്റെ ഇച്ഛക്ക് കീഴിലായിരിക്കും. അല്ലാഹുവിന് വേണമെങ്കിൽ അയാളെ ശിക്ഷിക്കാം, വേണമെങ്കിൽ പൊറുത്തു കൊടുക്കാം"

ശയ്ഖ് അൽബാനിയുടെ ഉപരിസൂചിത ബോധ്യത്തെ നാം വിശകലനം ചെയ്യുകയാണ്.

ശയ്ഖിന്റെ ഈ വാക്കുകൾ കാണുക, "അല്ലാഹുവിലുള്ള വിശ്വാസത്തിലും ശിക്ഷാ വിധികളും അവർ ജൂതരോട് വ്യതിരക്തത പുലർത്തുന്നുണ്ട്". ഇതിനോട് എങ്ങനെയാണ് നമുക്ക് യോജിക്കാനാവുക? ഇവ്വിഷയത്തിൽ

അഹ്‌ലുസ്സുന്നയുടെ അഖീദ എന്താണ്? ഈമാൻ എന്നാൽ വിശ്വാസവും, വാക്കും, പ്രവൃത്തിയും ആണെന്നല്ലേ? അതുപോലെ തന്നെ വിശ്വാസിയുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും കുഫ്റും സംഭവിക്കുമെന്നല്ലേ?

അവർ ശരീഅതിന് പകരം വെച്ചുവെന്നും, ഭരണാധികാരികൾ അങ്ങനെ പ്രവർത്തിച്ചുവെന്നും സമ്മതിക്കുന്ന അദ്ദേഹം, എന്നാൽ ശിക്ഷാവിധിയുടെ കാര്യത്തിൽ അവരുടെ ഉള്ളം ജൂതരോട് വിരുദ്ധത പുലർത്തുന്നതിനാൽ അവർ കാഫിറുകളല്ല എന്നും പറഞ്ഞു വെക്കുന്നു. കുഫ്റിന്റെ വിധിയെ അദ്ദേഹം പരിമിതപ്പെടുത്തുകയും, അതിനെ ഹൃദയത്തിലേക്ക് ചുരുക്കി കെട്ടുകയും ചെയ്യുന്നു. മുൻകാലത്തെ ജഹം ബിൻ സ്വഫ്‌വാൻ എന്ന വഴിപിഴച്ചവന്റെ വിശ്വാസമായിരുന്നു ഇത്. ഈമാനും കുഫ്റും ഹൃദയത്തിൽ അങ്കുരിക്കുന്നതാണെന്നും , അതിന് വാക്കുകളോ പ്രവൃത്തികളോ ആയി യാതൊരു ബന്ധമില്ലെന്നും അയാൾ വാദിച്ചു. എന്നാൽ പൂർവസൂരികൾ അയാളെ തള്ളിക്കളഞ്ഞു.

നാം ചോദിക്കുന്നു, എങ്ങനെയാണ് ഒരു ഭരണാധികാരിയുടെ ഹൃദയത്തിനകത്തുള്ള ബോധ്യം നാം അറിയുക? നാം പറയുന്നത്, ഒരാളുടെ അന്തരംഗം അല്ലാഹുവിന് മാത്രമേ അറിയാനാവുകയുള്ളൂ എന്നാണ്. ഒരാളുടെ കർമം അന്തരംഗത്തെ വിക്ഷുബ്ധതകൾക്ക് തെളിവല്ലെങ്കിൽ പിന്നെ ഹൃദയത്തിലുള്ളത് എങ്ങനെയാണ് സ്ഥാപിതമാവുക? നാം നാലാം കാണ്ഡത്തിൽ വിശദീകരിച്ച തത്വങ്ങൾക്ക് എതിരാണ് ശയ്ഖിന്റെ വാദം. ഈമാനും കുഫ്റും ബാഹ്യാവസ്ഥ പരിഗണിച്ചാണ്, ഉൾവികാരങ്ങൾ നോക്കിയല്ല

വിധിക്കപ്പെടുക എന്നത് സുപ്രസിദ്ധ തത്വമാണ്.

കുഫ്റിന്റെ വർഗീകരണത്തിലും അദ്ദേഹത്തിന് തെറ്റ് സംഭവിച്ചിരിക്കുന്നു. വിശ്വാസപരമായ വലിയ കുഫ്റിലാണ് കുഫ്ർ സംഭവിക്കുക, കർമപരമായ വലിയ കുഫ്റിൽ അങ്ങനെ സംഭവിക്കുകയില്ല എന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം പറയുന്നു, "എന്നാൽ കർമങ്ങളിൽ ഉണ്ടായ ഈ കുഫ്റുണ്ടല്ലോ, അത് ഹൃദയത്തിലെ വിശ്വാസവുമായി സംഘർഷത്തിലായിരിക്കെ അവൻ അല്ലാഹുവിന്റെ വിധി പ്രകാരം വിശ്വാസി തന്നെയായിരിക്കും. അവന്റെ കർമങ്ങൾ അതിനെതിരാണെങ്കിലും ശരി. അപ്പോൾ ആ കുഫ്ർ കർമപരമായ കുഫ്ർ മാത്രമായിരിക്കും. അത് വിശ്വാസപരമായ കുഫ്ർ ആയിരിക്കുകയില്ല. അയാൾ അല്ലാഹുവിന്റെ ഇച്ഛക്ക് കീഴിലായിരിക്കും. അല്ലാഹുവിന് വേണമെങ്കിൽ അയാളെ ശിക്ഷിക്കാം, വേണമെങ്കിൽ പൊറുത്തു കൊടുക്കാം" കുഫ്റിനെ ഹൃദയത്തിലേക്ക് മാത്രം പരിമിതപ്പെടുത്തിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ ഭാഷണങ്ങളും വേണ്ടുവോളമുണ്ട്.

ജൂതന്മാർ നബിയുടെ തീരുമാനം തള്ളിക്കളഞ്ഞ് കൊണ്ട് ഇസ്തിഹ്ലാൽ ചെയ്തതാണ് അവരുടെ കുഫ്റെന്ന് അദ്ദേഹം സമ്മതിക്കുന്നു. എന്നാൽ അവർ ഹൃദയം കൊണ്ടാണ് നിഷേധിച്ചത് എന്നതിന് ആ പറഞ്ഞതിൽ വല്ല തെളിവുമുണ്ടോ? അദ്ദേഹം പറയുന്നത് പോലെയുള്ള വെറുപ്പിനും നിരാകരണത്തിനും വിശ്വാസത്തിനൊന്നും ഇതിൽ തെളിവില്ല. അവർക്ക് ഇഷ്ടപ്പെട്ടത് വിധിച്ചില്ലെങ്കിൽ അവർ നബിയെ തള്ളിക്കളയും എന്നാണ് പറഞ്ഞത്. അവർ

പറഞ്ഞത് ഇങ്ങനെയാണല്ലോ, "നമ്മൾ ചോദിച്ചത് തന്നില്ലെങ്കിൽ നാം ആ തീരുമാനത്തെ അംഗീകരിക്കുകയേ വേണ്ട". നാം ആദ്യം പറഞ്ഞത് പോലെ അത് ശരിയല്ലെന്ന പൂർണ ബോധ്യം അവർക്കുണ്ടായിരുന്നു. തങ്ങൾ അടിച്ചൊതുക്കപ്പെട്ടവരാണെന്നും, അന്യായത്തിനിരയാണെന്നും അവർ പറഞ്ഞിരുന്നു. എന്നിരിക്കെ ശയ്ഖ് അൽബാനി എത്തുന്ന നിഗമനം മറ്റൊന്നാണ്. കുഫ്റിനെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ബോധ്യം ഹദീഥിലെ വചനങ്ങൾക്ക് ചേർന്ന രൂപത്തിലല്ല.

മാത്രമല്ല, മുൻപ് നാം പറഞ്ഞത് പോലെ, 'നാവുകൊണ്ടുള്ള നിരാകരണ' വുമായി ബന്ധപ്പെട്ട് ബഖറയിലും ഇതരയിടങ്ങളിലും വന്നിരിക്കുന്ന കാര്യങ്ങൾ വ്യക്തവുമാണല്ലോ. ഇസ്ലാം സത്യമാണെന്നും മുഹമ്മദ് സത്യപ്രവാചകനാണെന്നും ജൂതന്മാർ ഹൃദയം കൊണ്ട് അംഗീകരിച്ചിരുന്നു. തങ്ങളുടെ വേദങ്ങളിലൂടെ അവർക്കത് ബോധ്യമായിട്ടുണ്ടായിരുന്നു. എന്നാൽ സ്വന്തം വേദത്തെ തള്ളിക്കളഞ്ഞതായിരുന്നില്ല അവരുടെ നിഷേധം. മറിച്ച്, സത്യമെന്ന് അവർക്ക് വ്യക്തമായി ബോധ്യപ്പെട്ടത് തളിക്കളഞ്ഞത് കൊണ്ടായിരുന്നു. ആന്തരികമായി സത്യത്തെ നിഷേധിച്ചത് കൊണ്ടാണ് ജൂതന്മാർ നിഷേധികളായതെന്ന ശയ്ഖ് അൽബാനിയുടെ വാദം ശരിയല്ല. അദ്ദേഹത്തിന്റെ നിലപാട് പ്രമാണങ്ങളോടും തെളിവുകളോടും യാതൊരു വിധത്തിലും പൊരുത്തപ്പെടുന്നില്ല.

ആന്തരികാവസ്ഥ ബാഹ്യാവസ്ഥകളോടും, ബാഹ്യാവസ്ഥ ആന്തരികാവസ്ഥകളോടും പരസ്പരം ബന്ധപ്പെട്ടു

കിടക്കുന്നതും, അവ പരസ്പരം സ്വാധീനം ചെലുത്തുന്നതായും ദൈവിക ഗ്രന്ഥവും പ്രവാചക വചനങ്ങളും സാക്ഷ്യപ്രമാണങ്ങളായി നിൽക്കുന്നതായി ആറാം കാണ്ഡത്തിൽ നാം പറഞ്ഞിരുന്നു. നിങ്ങളുടെ ബാഹ്യാവസ്ഥ വലിയ കുഫ്റും സന്ദഖ (നിർമതം) യും കൊണ്ട് നിറഞ്ഞു നിൽക്കെ അതിലൊരു വൈരുദ്ധ്യത്തോടെ അന്തരംഗം ഈമാൻ കൊണ്ട് നിറയുന്നത് എങ്ങനെയാണ്? അഹ്ലുസ്സുന്ന വിശ്വസിക്കുന്നത് നിങ്ങളുടെ ബാഹ്യാവസ്ഥ വ്യക്തവും പ്രകടവുമായ കുഫ്റിലാണെങ്കിൽ..... അത് നിങ്ങളുടെ ആന്തരികാവസ്ഥയുടെ ബഹിർ പ്രകടനമാണെന്നാണ്.

ജൂതർ അകപ്പെട്ടു പോയ കുഫ്റിലും മോശപ്പെട്ട അവസ്ഥയിലാണ് വർത്തമാനകാല ഭരണാധികാരികൾ അകപ്പെട്ടിരികുന്നത് എന്നതാണ് യാഥാർഥ്യം. ഒരു നിയമം മാറ്റി പകരം വെച്ചതായിരുന്നു ജൂതന്റെ കുഫ്റെങ്കിൽ ഇന്നത്തെ ഭരണാധികാരികൾ അല്ലാഹുവിന്റെ എല്ലാ വിധികളും മാറ്റി മറിച്ചിരിക്കുകയാണ്. കുഫ്റിനെ എതിർക്കുകയും തങ്ങളോട് ശരീഅത് അനുസരിച്ച് ഭരിക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന ആളുകളോട് അവർ യുദ്ധം ചെയ്യുന്നു. അവരെ മർദ്ദിക്കുന്നു. തുറങ്കിലടക്കുകയും വധിക്കുകയും ചെയ്യുന്നു. തൗറാത് കൊണ്ട് ഭരിക്കുകയും വിധിക്കുകയും ചെയ്യുക എന്ന് പറഞ്ഞതിന്റെ പേരിൽ ജൂതർ ഏതെങ്കിലുമൊരു വിഭാഗത്തോട് യുദ്ധം ചെയ്യുകയും, അവരെ മർദ്ദിക്കുകയും ജയിലിലിലടക്കുകയും വധിക്കുകയും ചെയ്തതിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? തങ്ങളുടെ നിയമങ്ങൾ അനുസരിച്ച് ഭരിക്കണം എന്ന് പറഞ്ഞതിന്റെ പേരിൽ ഏതെങ്കിലും റബ്ബിയെ തടവിലിട്ട വർത്തമാനം നിങ്ങൾക്കറിയാമൊ? എന്നാൽ

അല്ലാഹുവിന്റെ ശരീഅത് അനുസരിച്ച് ഭരിക്കുകയെന്ന് പറഞ്ഞതിന്റെ പേരിൽ എത്രയെത്ര മുസ്‌ലിം പണ്ഡിതന്മാരെയാണ് ഇവർ തടവറയുടെ ഇരുട്ടറകളിലേക്ക് തള്ളിയിട്ടത്.

അവസാനമായി, ശരീഅതിന് പകരം നിയമം കൊണ്ട് വരുന്നതിനെ പറ്റിയുള്ള പണ്ഡിതരുടെ പ്രസ്താവനകൾ കൂടി നാം കാണേണ്ടതുണ്ട്. ഇബ്നു ജരീർ ത്വബരി 5 : 44 നെ കുറിച്ച് പറയുന്നു, "അവർ അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാത്തവരും, മറ്റ് നിയമങ്ങൾ പകരം വെച്ച് കൊണ്ട് അല്ലാഹു അവതരിപ്പിച്ച സത്യത്തെ മൂടി വെച്ചവരുമാണ്" (തഫ്സീർ ത്വബരി 4 / 592).

ഇമാം ജസ്സാസ് 4. 51 ന്റെ വിശദീകരണത്തിൽ പറയുന്നു, "അല്ലാഹുവോ പ്രവാചകനോ കല്പിച്ച എന്തെങ്കിലും കാര്യം തള്ളിക്കളഞ്ഞാൽ അവർ ഇസ്‌ലാമിൽ നിന്ന് പുറത്ത് പോയി എന്നതിന് ഇതിൽ തെളിവുണ്ട്. അത് സംശയത്താലോ, നിരാകരണത്താലോ, കീഴൊതുക്കം സമ്മതിക്കാതെയോ ഒക്കെയാകാം" (അഹ്കാമുൽ ഖുർആൻ).

ഇബ്നു തയ്മിയ്യ പറയുന്നു, "അല്ലാഹു ഹലാലാക്കിയത് അവർ ഹറാമാക്കിയപ്പോഴും, ഹറാമാക്കിയത് ഹലാലാക്കിയപ്പോഴും അത് അംഗീകരിച്ചതിനാലാണ് അവർ തങ്ങളുടെ പാതിരിമാരെയും റബ്ബികളെയും റബ്ബാക്കിയതെന്ന് പറഞ്ഞത്. അതിന് ദ്വിമുഖങ്ങളുണ്ട്. ഒരു കൂട്ടർക്ക് അറിയാം തങ്ങൾ അല്ലാഹുവിന്റെ നിയമത്തിന് പകരമായാണ് ഇത്

കൊണ്ടുവരുന്നതെന്ന്. എന്നിട്ടും അവരത് പിന്തുടർന്നു. അല്ലാഹു ഹറാമാക്കിയതിനെ ഹലാലാക്കിയത് അവർ അംഗീകരിച്ചു. അല്ലാഹു ഹലാലാക്കിയതിനെ ഹറാമാക്കിയതിലും അവർ വിശ്വസിച്ചു. അവർ നബിയുടെ ദീനിനെ എതിർത്ത് കൊണ്ട് തങ്ങളുടെ ഭരണാധികാരികളെ പിന്തുടരുകയായിരുന്നു. അത് കുഫ്റാണ്. അല്ലാഹുവിലും പ്രവാചകനിലുമുള്ള ശിർകുമാണ്" (ഫത്വ 7 / 70). "മുഹമ്മദ് കൊണ്ട് വന്ന ശരീഅതല്ലാത്ത എതൊരു നിയമവും പിന്തുടരുന്നവൻ കാഫിറാണെന്നും, അത് തങ്ങൾക്ക് ലഭിച്ചതിൽ നിന്ന് കുറച്ച് വിശ്വസിക്കുകയും കുറച്ച് നിഷേധിക്കുകയും ചെയ്ത ജൂതന്മാരുടെ കുഫ്റിന് തുല്യമാണെന്നുമുള്ള കാര്യത്തിൽ എല്ലാ മുസ്‌ലിമും യോജിച്ചിരിക്കുന്നു" (ഫത്വ 28 / 524)